# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.22 | No.6 | കാർത്തികപ്പള്ളി | R.No. 7361/02 | 2022 JUNE

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com

## ചരിത്രം സൃഷ്ടിക്കും സ്മാർട്ട് ഗ്ലാസ്

ലാപ്ടോപ്പും ഡെസ്ക്ടോപ്പും ഇല്ലാതെ തന്നെ ലോകത്ത് എവിടെയിരുന്നും 'കംപ്യൂട്ടറിൽ' ജോലി ചെയ്യാം; കണ്ണട പോലെ ധരിക്കാവുന്ന സ്മാർട്ട് ഗ്ലാസ് ഉണ്ടെങ്കിൽ!. യുഎസിലെ മിൽപീറ്റസ് (കലിഫോർണിയ) ആസ്ഥാനമായ മലയാളി സ്റ്റാർട്ടപ്പ് നിമോ പ്ലാനറ്റ് ലോകത്ത് ചരിത്രം സൃഷ്ടിക്കാൻ ഒരുങ്ങുന്നു. ലോകത്തെ ആദ്യ 'അൾട്രാ പോർട്ടബ്ൾ മൾട്ടി സ്ക്രീൻ കംപ്യൂട്ടർ' എന്ന വിശേഷണവുമായി നിമോ സ്മാർട്ട് ഗ്ലാസ് ഉടൻ യുഎസ്, ഇന്ത്യൻ വിപണികളിലെത്തും.




വെർചൽ റിയാലിറ്റി, വിനോദ ആവശ്യങ്ങൾക്കുള്ള സ്മാർട്ട് ഗ്ലാസുകൾ ചുരുങ്ങിയ തോതിൽ ലഭ്യമാണെങ്കിലും പ്രഫഷണൽ ഉപയോഗത്തിനുള്ളത് അപൂർവ്വം. ലാപ്ടോപ് ചുമക്കാതെ, എവിടെയിരുന്നും ജോലി ചെയ്യാൻ സാധിക്കുമെന്ന സൗകര്യം കമ്പനികളെയും പ്രഫഷനലുകളെയും ആകർഷിക്കുമെന്ന പ്രതീക്ഷയിലാണു നിമോ പ്ലാനറ്റ് സ്ഥാപകനും സിഇഒയുമായ മലപ്പുറം തിരൂർ സ്വദേശി രോഹിൽദേവ്.

## ഒളിഞ്ഞു നോക്കുന്ന ക്യാമറ കണ്ണുകൾ

പൊതു സ്ഥലങ്ങളിലെ ശുചിമുറികളിൽ പോലും ഒളിക്യാമറ വഴി ദൃശ്യങ്ങൾ പകർത്തുന്ന കാലമാണിത്. ഹോട്ടലുകളിലെ ബാത്ത്റൂം വീഡിയോ പോലും പുറത്തുവരുന്നുണ്ട്. അതായത് ഈ കെണിയിൽ ആരും എപ്പോഴും വീഴാം. സ്ക്രൂവിലും ബൾബിലും ഘടിപ്പിക്കാവുന്ന ഇത്തരത്തിലുള്ള നൂറായിരം ഒളിക്യാമറകൾ ഇന്ന് വിപണിയിലുണ്ട്. ഇതിനു പുറമെയാണ് സ്മാർട്ട് ഫോൺ ക്യാമറകളും. ഇതെല്ലാം കണ്ടുപിടിക്കുക അത്ര എളുപ്പമുള്ള കാര്യവുമല്ല.

മറ്റുള്ളവരുടെ സ്വകാര്യതയിലേക്ക് ഒളിഞ്ഞു നോക്കുന്നത് പലർക്കും ഹരമാണ്. മറ്റു ചിലർക്കാവട്ടെ, ബ്ലാക്ക്മെയിൽ ചെയ്ത് പണം തട്ടാനും മാനസികമായി പീഡിപ്പിക്കാനുമെല്ലാം ഉള്ള ഒരു ഉപാധിയാണെന്ന് പറയാം.

സ്വകാര്യതയിലേക്ക് നീളുന്ന ക്യാമറക്കണ്ണുകൾ എവിടെയും പ്രത്യക്ഷപ്പെട്ടേക്കാം. പല രൂപത്തിലും ഭാവത്തിലും അത് കാണാം. തിരിച്ചറിയാൻ കഴിഞ്ഞെന്നു വരില്ല. യാത്രകളിൽ ഹോട്ടൽ മുറികളിലും ബാത്ത്റൂമുകളിലും പൊതുസ്ഥലങ്ങളിൽ, തുണിക്കടയിലെ ട്രയൽ റൂമിലുമെല്ലാം ഇത്തരത്തിലുള്ള ക്യാമറകൾ കണ്ടുപിടിക്കുന്ന വാർത്തകൾ സ്ഥിരം കേൾക്കുന്നതാണ്. എത്രയോ പേരുടെ ചിത്രങ്ങളും വീഡിയോകളും പകർത്തിയ ശേഷമാണ് ഒരിക്കൽ ആരെങ്കിലും ഇത് കണ്ടുപിടിക്കുന്നതു തന്നെ. അപ്പോഴേക്കും നിരവധിപ്പേരുടെ സ്വകാര്യത നഗ്നചിത്രങ്ങളായും വീഡിയോകളായും സമൂഹ മാധ്യമങ്ങളിലും അശ്ലീല വെബ്സൈറ്റുകളിലും കറങ്ങിത്തിരിയുന്നുണ്ടാവും.

യാത്രകളിലും മറ്റും ഇത്തരത്തിലുള്ള കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടത് ഇന്നത്തെക്കാലത്ത് അത്യാവശ്യമാണ്. അപകടം ഇല്ലെന്നു ഉറപ്പിക്കുന്ന സ്ഥലങ്ങളിൽ പോലും ശ്രദ്ധയോടെ മാത്രം പെരുമാറുക.



**ക്യാമറക്കണ്ണുകൾ എങ്ങനെ തിരിച്ചറിയാം**

കണ്ണുകൾ കൊണ്ട് തിരിച്ചറിയാനാവാത്ത വിധം വിദഗ്ധമായായിരിക്കും ഒളിക്യാമറകൾ ക്രമീകരിക്കുന്നത്. ഇവയെ പ്രതിരോധിക്കാൻ ചില മാർഗങ്ങളുണ്ട്.

**1. വയർലെസ് ക്യാമറ ഡിറ്റക്റ്റർ**

ഓൺലൈനിൽ നിന്നോ ഇലക്ട്രോണിക് സ്റ്റോറുകളിൽ നിന്നോ ഇവ വാങ്ങാൻ കിട്ടും. ഇവ ഉപയോഗിച്ച് മുറിക്കുള്ളിൽ ഒളിപ്പിച്ചിരിക്കുന്ന ക്യാമറ കണ്ടെത്താം.

**2. സെൽഫോൺ ഉപയോഗിക്കാം**

സ്പീക്കറുകൾക്കടുത്തൊക്കെ നിന്ന് സംസാരിക്കുമ്പോൾ മൂളൽ പോലെ ഫോണിൽ ഒരു പ്രത്യേക ശബ്ദം കേൾക്കാറില്ലേ. ഇതേ വിദ്യ ഇവിടെയും പ്രായോഗികമാണ്. ക്യാമറ ഉള്ളിടത്ത് ശക്തമായ വൈദ്യുതകാന്തികമണ്ഡലം (electromagnetic field) കാണും. ഇങ്ങനെയുള്ളിടത്തു നിന്ന് ഫോണിൽ സംസാരിക്കുമ്പോൾ ഇതേ രീതിയിലുള്ള ശബ്ദം കേൾക്കാൻ സാധിക്കും.

**ശ്രദ്ധിക്കുക:**

**പോവുന്നിടത്തെല്ലാം നിങ്ങളെ പിന്തുടരാനും സ്വകാര്യതയിലേക്ക് ഒളിഞ്ഞു നോക്കാനും എവിടെയും ക്യാമറക്കണ്ണുകൾ പതിയിരിക്കുന്നുണ്ടാവാം. അപരിചിതമായ സ്ഥലങ്ങളിൽ പോകുമ്പോൾ കൂടുതൽ ശ്രദ്ധിക്കുക.**

## യിസ്രായേലും വിഗ്രഹാരാധനയും

**ടി. എം. വർഗ്ഗീസ് ഓതറ**

*ഒരു ഭൗതികവസ്തുവിനെ ദൈവമായിക്കരുതി ആരാധിക്കുന്നതാണ് വിഗ്രഹാരാധന. വിഗ്രഹം എന്നു പറഞ്ഞാൽ പ്രതിമയല്ല. ദൈവത്തെ അറിയുവാനുള്ള മനുഷ്യന്റെ പരിമിതിയുടെ പ്രതീകമാണ് വിഗ്രഹങ്ങൾ. യിസ്രായേല്യർ ഏകദൈവ വിശ്വാസികളായിരുന്നതിനാൽ വിഗ്രഹാരാധന മ്ലേച്ഛമായ പ്രവൃത്തിയായി കരുതിയിരുന്നു. വിഗ്രഹാരാധന യഥാർത്ഥ ദൈവത്തിൽ നിന്നുള്ള അകൽചയും അന്യാരാധനയും ദൈവത്തോടുള്ള മത്സരവും നിഷേധവുമാണെന്നും ബൈബിൾ വ്യക്തമാക്കുന്നു. ജീവനില്ലാത്തതും ജീവിപ്പിക്കാൻ കഴിയാത്തതുമെങ്കിലും അശുദ്ധപ്പെടുത്താനും നശിപ്പിക്കാനും പോന്നതാണ് വിഗ്രഹങ്ങൾ. വിഗ്രഹത്തിലാണ് ദൈവം എന്ന് വിശ്വസിക്കുന്ന മനുഷ്യന് ആത്മാവായ ദൈവത്തെ കണ്ടെത്തുവാനോ അനുഭവിക്കുവാനോ കഴിയുകയില്ലായെന്നും ക്രിസ്തുവിലൂടെ ദൈവദർശനം സാധ്യമായതിനാൽ വിഗ്രഹങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടുവെന്നും ദൈവത്തിന്റെ വിഗ്രഹം ഉണ്ടാക്കുന്നത് കല്പനാലംഘനവും ദൈവത്തോടുള്ള അവഹേളനമാണെന്നും വേദപുസ്തകാധിഷ്ഠിതമായും വസ്തുനിഷ്ഠമായും തെളിയിച്ചിരിക്കുന്ന ഈ ഗ്രന്ഥം സത്യം അറിയാൻ ആഗ്രഹിക്കുന്നവർക്ക് വഴികാട്ടിയും മുതൽക്കൂട്ടുമാണ്.*




## പെണ്ണും പണവും ആത്മീയതയും



അഭിനയിച്ച് തീർത്തത് 1,000-ത്തിലധികം അശ്ലീല സിനിമകൾ. എന്നാൽ, ഒരു ഘട്ടത്തിൽ അദ്ദേഹം ജീവിതം വെറുത്തു. പകരം ആത്മീയപാത തെരഞ്ഞെടുത്ത് ഒരു പാസ്റ്ററായി മാറി. ജോഷ്വ ബ്രൂം (Joshua Broome) എന്നാണ് അദ്ദേഹത്തിന്റെ പേര്. ലെറ്റ്സ് ടോക് പ്യൂരിറ്റി പോഡ്കാസ്റ്റിൽ അദ്ദേഹം തന്റെ ഈ അനുഭവം പങ്കുവച്ചിരുന്നു. അതിൽ അദ്ദേഹം ആത്മഹത്യ ചെയ്യാൻ പോലും ആഗ്രഹിച്ചിരുന്നതായി പറയുന്നു.

"ഞാൻ മില്യണുകൾ സമ്പാദിച്ചു. ഞാൻ പോകാൻ ആഗ്രഹിച്ച സ്ഥലത്തെല്ലാം എനിക്ക് പോകാൻ സാധിച്ചു. എല്ലാതരത്തിലുമുള്ള സെക്സും ഞാൻ ചെയ്തു. എന്നാൽ എല്ലാം നേടി എന്ന് കരുതുമ്പോഴും, എന്റെ ജീവിതത്തിൽ എല്ലാം എനിക്ക് നഷ്ടപ്പെടുകയായിരുന്നു. എനിക്ക് എപ്പോഴും ഒരുതരം സങ്കടവും ശൂന്യതയും അനുഭവപ്പെടാൻ തുടങ്ങി" അദ്ദേഹം പറഞ്ഞു. ജോഷ്വ അഞ്ച് വർഷത്തോളം അഡൽറ്റ് വ്യവസായത്തിൽ ജോലി ചെയ്തു. കുടാതെ റോക്കോ റീഡ് എന്ന ഓമനപ്പേരിൽ 1,000 എക്സ്-റേറ്റഡ് സിനിമകളിൽ അഭിനയിച്ചു. ഒടുവിൽ അദ്ദേഹം വ്യവസായം ഉപേക്ഷിക്കുകയായിരുന്നു. ജോഷ്വ അവിടം വിട്ട് നോർത്ത് കരോലിനയിലേക്ക് മടങ്ങി. എന്നാൽ, അദ്ദേഹത്തിന് അപ്പോഴും കടുത്ത വിഷാദവും, നാണക്കേടും അനുഭവപ്പെട്ടു. കണ്ടുമുട്ടുന്നവരിൽ നിന്നെല്ലാം അദ്ദേഹം തന്റെ ഭൂതകാലം മറച്ചുവച്ചു. ഒരു സാധാരണ ജീവിതം നയിക്കാൻ ആഗ്രഹിച്ചതുകൊണ്ട്, അദ്ദേഹം ഒരു ജിമ്മിൽ ജോലിക്ക് കയറി. പിന്നീടാണ് അദ്ദേഹം ഇപ്പോഴത്തെ ഭാര്യയായ ഹോപ്പിനെ കണ്ടുമുട്ടുന്നത്. അദ്ദേഹം തന്റെ ഭൂതകാലത്തെ കുറിച്ച് അവളോട് തുറന്ന് പറഞ്ഞു. അടുത്ത വാരാന്ത്യത്തിൽ, അവരിരുവരും ഒന്നിച്ച് പള്ളിയിൽ പോയി അവിടെവച്ച് ഒരു ആത്മീയ ഉണർവ് ജോഷ്വയ്ക്ക് അനുഭവപ്പെട്ടു. അദ്ദേഹം ബൈബിൾ പഠിക്കാൻ തുടങ്ങി. വിവാഹിതരായ ദമ്പതികൾക്ക് ഇപ്പോൾ മൂന്ന് ആൺമക്കളുണ്ട്. സീഡാർ റാപ്പിഡ്സിലെ ഗുഡ് ന്യൂസ് ബാപ്റ്റിസ്റ്റ് ചർച്ചിലെ പാസ്റ്ററാണ് ജോഷ്വ ഇന്ന്. വചന പ്രഭാഷണത്തിനായി യു.എസ്സിൽ ഉടനീളം അദ്ദേഹം യാത്ര ചെയ്യുന്നു.

## ബഹിരാകാശ ജീവിതം

ബഹിരാകാശത്തു നിന്നും തിരികെയെത്തിയ ഉടനെ സഞ്ചാരികളെ കാണുക ഒരു വീൽചെയറിലായിരിക്കും. എന്താണ് അതിന്റെ കാരണമെന്ന് അറിയുമോ? ബഹിരാകാശത്ത് നിന്നും ഭൂമിയിലെത്തിയ ഉടൻ മനുഷ്യർക്ക് നടക്കാൻ ബുദ്ധിമുട്ടാണ് എന്നതാണ് കാരണം. എന്തു കൊണ്ടായിരിക്കും ബഹിരാകാശ യാത്രികർക്ക് തിരിച്ച് ഭൂമിയിലേക്കെത്തിയാൽ ഒറ്റയ്ക്ക് നടക്കാൻ പോലും സാധിക്കാത്തത്.



1961 ഏപ്രിൽ 12നാണ് സോവിയറ്റ് യൂണിയന്റെ യൂറി ഗഗാറിൻ ബഹിരാകാശത്തേക്കെത്തുന്ന ആദ്യ മനുഷ്യനായി മാറിയത്. ഇതിനു തൊട്ടു പിന്നാലെ ദിവസങ്ങളുടെ വ്യത്യാസത്തിൽ 1961 മെയ് അഞ്ചിന് അലൻ ഷെപ്പേഡിനേയും അതേ വർഷം തന്നെ ജൂലൈ 21-ന് വിർജിൽ ഗ്രിംസോമിനേയും ബഹിരാകാശത്തേക്കെത്തിച്ച് അമേരിക്കയും നാസയും കഴിവ് തെളിയിക്കുകയും ചെയ്തു. ഭൂമിയിലെ മനുഷ്യ ജീവിതം കൂടുതൽ എളുപ്പമാക്കാൻ സഹായിക്കുന്ന നിരവധി ഗവേഷണങ്ങളാണ് പല മേഖലകളിലായി ബഹിരാകാശത്ത് പിന്നീട് നടന്നത്.

ബഹിരാകാശത്തേക്കുള്ള യാത്രകളിൽ നിരവധി വെല്ലുവിളികളാണ് ഓരോ യാത്രികരും നേരിടേണ്ടി വരുന്നത്. ഉറക്കക്കുറവും ഭാരക്കുറവും രക്തക്കുഴലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും കാഴ്യിലെയും കേൾവിയിലെയും താളപ്പിഴകളും മൂക്കടപ്പും തുടങ്ങി ബഹിരാകാശ സഞ്ചാരികളുടെ ശരീരത്തിലെ പ്രതിരോധ സംവിധാനം വരെ താറുമാറാകാറുണ്ട്.

ഇതിൽ ഭാരക്കുറവിന്റെ ഭാഗമായി മനുഷ്യ ശരീരത്തിൽ പല മാറ്റങ്ങളും സംഭവിക്കാറുണ്ട്. എല്ലുകളുടേയും പേശികളുടേയും ഭാരത്തിൽ കുറവുണ്ടാവും. ഭൂമിയിലേതു പോലെ ശരീരത്തിന്റെ തുലന നില താങ്ങി നിർത്തേണ്ടതില്ലാത്തതിനാൽ മസിലുകൾ ചുരുങ്ങുകയും ശോഷിക്കുകയും ചെയ്യും. ബഹിരാകാശത്തുള്ളപ്പോൾ ഉപയോഗമില്ലാത്ത പേശികൾ ഭൂമിയിലേക്ക് തിരിച്ചെത്തുമ്പോൾ പഴയതു പോലെ അതേ ശേഷിയിൽ ഉപയോഗിക്കാനാവില്ല. ബഹിരാകാശ പഠനങ്ങളിൽ നിന്ന് നമുക്ക് മനസിലാക്കാൻ കഴിയുന്നത് ഭൂമി മാത്രമേ മനുഷ്യനു വാസയോഗ്യമായിട്ടുള്ളൂ എന്ന ബൈബിൾ പ്രസ്താവന തികച്ചും ശാസ്ത്രീയവും യുക്തിഭദ്രവും എന്നുതന്നെയാണ്.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ - Rs. 250 മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |



# വിശ്വാസവും സാധ്യതകളും



"ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. (യോഹന്നാൻ 14:1). വിശ്വാസം നമ്മിലല്ല തിരയേണ്ടത്. ദൈവത്തിങ്കലാണു വിശ്വസിക്കേണ്ടത് (മർക്കോസ് 11:22; റോമർ 3:21, 26; 4:17; ഗലാത്യ 2:20).

ദൈവത്തെക്കുറിച്ചു നാം എന്താണു വിശ്വസിക്കേണ്ടത്? കർത്താവു ശിഷ്യന്മാരുടെ അൽപ്പവിശ്വാസത്തെ ശാസിക്കുകയും അവരെ യഥാർത്ഥ വിശ്വാസത്തിലേക്കു നയിക്കുകയും ചെയ്ത ഒരു സന്ദർഭം സുവിശേഷങ്ങളിൽ കാണുന്നത് ചിന്തിച്ചാൽ നാം ദൈവത്തെക്കുറിച്ച് എന്താണു വിശ്വസിക്കേണ്ടത് എന്നതിനെക്കുറിച്ചു നമുക്കു വ്യക്തത ലഭിക്കും. (മത്തായി 8:23-27, മർക്കോ. 4:35-41 കാണുക) യേശുവും ശിഷ്യന്മാരും കൂടി പടകിൽ തടാകത്തിന് അക്കരയ്ക്കു പോകുകയാണ്. കർത്താവ് പടകിന്റെ അമരത്തു തലയിണ വച്ച് ഉറങ്ങിപ്പോയി. പെട്ടെന്നു വലിയ ചുഴലിക്കാറ്റുണ്ടായി. പടക് മുങ്ങുമെന്ന നില വന്നു. ശിഷ്യന്മാർ കർത്താവിനെ ഉണർത്തി. കർത്താവ് ഉണർന്ന് കാറ്റിനെയും കടലിനെയും ശാസിച്ചു. 'ഭീരുക്കൾ ആകുവാൻ എന്ത്? നിങ്ങൾക്ക് ഇപ്പോഴും വിശ്വാസമില്ലയോ' എന്നു പറഞ്ഞ് ശിഷ്യന്മാരുടെ അവിശ്വാസത്തെ അവിടുന്ന് ശാസിച്ചു. ഈ സംഭവം മത്തായിയും മർക്കോസും വിവരിക്കുമ്പോൾ അല്പം വ്യത്യാസമുണ്ട്. മത്തായി രേഖപ്പെടുത്തുന്നതു ശിഷ്യന്മാർ ഇങ്ങനെ പറഞ്ഞു കർത്താവിനെ ഉണർത്തിയെന്നാണ്: 'കർത്താവേ രക്ഷിക്കണമേ, ഞങ്ങൾ നശിച്ചു പോകുന്നു' (8: 25). എന്നാൽ ഇതേ സംഭവം മർക്കോസ് 'ഗുരോ ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്ക് വിചാരം ഇല്ലയോ' എന്ന് പറഞ്ഞ് അവർ കർത്താവിനെ ഉണർത്തി എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഈ രണ്ട് അപേക്ഷയും കർത്താവിലുള്ള രണ്ടു കാര്യങ്ങളിലുള്ള അവരുടെ അവിശ്വാസത്തെയാണു വിളിച്ചറിയിക്കുന്നത്. എന്നാൽ കർത്താവ് അവരെ രക്ഷിക്കാൻ ശക്തനും അതിനു മനസ്സുള്ളവനും ആയിരുന്നു. അത് അവിടുന്നു തുടർന്നു വെളിപ്പെടുത്തി.



വാസ്തവത്തിൽ നാം വിശ്വസിക്കുന്ന ദൈവത്തിൽ രണ്ടു ഘടകങ്ങളുമുണ്ട്. ഒന്ന്: അവിടുന്നു സർവ്വശക്തനാണ്. രണ്ട്: അവിടുന്നു കരുണയുള്ളവനാണ്. ഈ രണ്ടു കാര്യങ്ങളും നമ്മിലല്ല അധിഷ്ഠിതമായിരിക്കുന്നത്, ദൈവത്തിലാണ്. ഇതു കാണുന്നതാണു വിശ്വാസം. പ്രശ്നങ്ങളുടെ മധ്യത്തിൽ ദൈവത്തെ നോക്കുക, ദൈവം സർവ്വശക്തിയുള്ള ദൈവമാണെന്നും അവിടുന്നു നമുക്കായി പ്രവർത്തിക്കാൻ മനസ്സുള്ളവനുമാണെന്ന് അംഗീകരിക്കുക. ഇത്രയും മതി. ഇതാണു വിശ്വാസം. ഇതു പ്രയാസമുള്ള കാര്യമാണോ? ദൈവത്തെ ദൈവമെന്നു കണ്ടു വിശ്വസിക്കേണ്ടതിനു പകരം പലരും തങ്ങളുടെ ഉള്ളിലേക്കു നോക്കി നെടുവീർപ്പിടുന്നു. വിശ്വാസത്തിനായി നമ്മിലേക്കല്ല നോക്കേണ്ടത് ദൈവത്തിലേക്കാണ്.

വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ ദൈവം ഈ പാഠം പഠിപ്പിച്ചത് ഉൽപത്തി 15-ാം അധ്യായത്തിന്റെ പ്രാരംഭവാക്യങ്ങളിൽ നാം കാണുന്നു. ദൈവം 'അബ്രഹാമേ ഭയപ്പെടേണ്ട, ഞാൻ നിന്റെ പരിചയും (വാളിൽ നിന്നു നിന്നെ കാക്കാൻ ശക്തനാണ്) പ്രതിഫലവുമാണ് (പ്രവൃത്തിക്കു നിനക്കു പ്രതിഫലം നൽകാൻ മനസ്സുള്ളവനാണ്)' എന്നു പറഞ്ഞ് സ്വയം പരിചയപ്പെടുത്തിയപ്പോഴും (15:1) അബ്രഹാം നോക്കുന്നതു തന്നിലേക്കാണ്. 'ഞാൻ മക്കളില്ലാത്തവനായി നടക്കുന്നല്ലോ.... എന്റെ അവകാശി.... എന്റെ വീട്ടിൽ ജനിച്ച ഈ ദാസനാണല്ലോ' (15:2,3) എന്നെല്ലാം തന്നിലേക്കു തന്നെ നോക്കി നെടുവീർപ്പിട്ടപ്പോൾ ദൈവം അവനെ ആ കൂടാരത്തിൽ നിന്നു പുറത്തു കൊണ്ടു വരുന്നു. എന്നിട്ടു പറയുന്നു 'നീ ആകാശത്തേക്കു നോക്കുക, നക്ഷത്രങ്ങളെ കാണുക' (15:5). ദൈവം, അബ്രഹാമിന്റെ നോട്ടം അവനിൽ നിന്നു മാറ്റി ഉയരത്തിലേക്ക്, സർവശക്തിയുള്ള ദൈവത്തിലേക്കു തിരിച്ചു വിടുകയാണു ചെയ്തത്. അപ്പോഴാണ് അബ്രഹാമിനു വിശ്വസിക്കാൻ കഴിഞ്ഞത്. അവിടെയാണ് "അവൻ യഹോവയിൽ വിശ്വസിച്ചു; അത് അവനു നീതിയായി കണക്കിട്ടു' എന്ന പ്രശസ്തമായ വാക്യം രേഖപ്പെടുത്തിയിരിക്കുന്നത് (15:6). പിന്നീട് സാറായെ വിശ്വാസത്തിലേക്കു ദൈവം ആനയിക്കുമ്പോഴും ഇതേ കാര്യമാണ് അവിടുന്നു ചെയ്യുന്നത്. ഒന്നാമത് "തന്നാൽ കഴിയാത്ത ഒരു കാര്യവുമില്ലെന്നു പറഞ്ഞ് താൻ സർവശക്തനാണെന്ന സത്യത്തിലേക്കു വിരൽ ചൂണ്ടി (ഉൽപ, 18:13). തുടർന്ന് അവളുടെ ആഗ്രഹംപോലെ അവർക്കു മകനെ കൊടുക്കാൻ താൻ മനസ്സുള്ളവനാണെന്നും അവിടുന്നു വെളിപ്പെടുത്തി (18:14). ഇതു രണ്ടും ദൈവത്തിലുണ്ടെന്നു കണ്ട് സാറായും വിശ്വാസത്തിൽ ശക്തിപ്പെട്ടു.

കണ്ടോ? വിശ്വാസം ഒരളവിൽ വളരെ ലളിതമാണ്. ദൈവം സർവ്വശക്തനും കരുണയുള്ളവനുമാണ്. 'അവനിൽ ഉവ്വ് എന്നത്രേയുള്ളൂ. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ. അതുകൊണ്ട് ഞങ്ങളാൽ... അവനിൽ ആമേൻ എന്നും തന്നെ' (2 കൊരി. 1:19, 20). അതേ, അവനിൽ ഉവ്വ് (yes) എന്നേയുള്ളു. ദൈവത്തിനു നമുക്ക് ഇതു ചെയ്തു തരാൻ കഴിയുമോ? 'ഉവ്വ്'. ദൈവത്തിന് അതിനു മനസ്സുണ്ടോ? 'ഉവ്വ്'. ദൈവത്തിങ്കലേക്കു കണ്ണുയർത്തി ഇതു രണ്ടും കാണുക. അതാണു വിശ്വാസം. (എബ്രായർ 12:2) ആ വിശ്വാസത്താൽ നമ്മുടെ ഹൃദയത്തെ ദൈവത്തിൽ ഉറപ്പിക്കാൻ സാധിക്കും. പ്രശ്നങ്ങളുടെ മുൻപിൽ, ഭാരങ്ങൾ നേരിട്ടപ്പോൾ നഷ്ടമായ ഹൃദയ സമാധാനം, സ്വസ്ഥത, അങ്ങനെ വീണ്ടെടുക്കാൻ കഴിയും. തുടർന്നു ക്രിസ്തുവിന്റെ സമാധാനം ഹൃദയങ്ങളിൽ വാഴുന്നവരായി' നമുക്കു മുന്നോട്ടു പോകാമല്ലോ.

ഇങ്ങനെ ഹൃദയത്തെ ദൈവത്തിൽ ഉറപ്പിച്ചവർക്ക്, തന്നിൽ വിശ്വസിക്കുന്നവർക്ക്, രണ്ടു കാര്യങ്ങൾ കഴിയുമെന്നു യോഹന്നാൻ 14-ൽ കർത്താവു തുടർന്നു പറയുന്നു: "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും" (14:12). ഇവിടെ വളരെ അത്ഭുതകരമായ കാര്യങ്ങളാണ് അവിടുന്നു പറയുന്നത്. ഒന്ന്: താൻ ചെയ്ത പ്രവൃത്തി തന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. രണ്ട്: താൻ ചെയ്തതിൽ കൂടുതലും അവൻ ചെയ്യും.

യേശു ചെയ്ത പ്രവൃത്തിയെല്ലാം തന്നിൽ വിശ്വസിക്കുന്ന നമുക്കു ചെയ്യാൻ കഴിയുമോ? അവിടുന്നു മരിച്ചവരെ ഉയിർപ്പിച്ചു, കുഷ്ഠരോഗികളെ ശുദ്ധരാക്കി, കടലിന്മീതെ നടന്നു, അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചു-ഇതെല്ലാം നമുക്കും ചെയ്യാൻ കഴിയുമോ? എന്താണ് ഇതിന്റെ അർത്ഥം?

ഇതിനെ ഇങ്ങനെ വിശദീകരിക്കാം: താൻ ചെയ്ത മുഴുവൻ പ്രവൃത്തികളെയും കർത്താവ് ഒരു വചനത്തിൽ സംക്ഷേപിച്ചിട്ടുണ്ട്. അതിതാണ്: 'ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നിരിക്കുന്നത്' (യോഹന്നാൻ 6:38). യേശു ചെയ്ത അത്ഭുത പ്രവൃത്തികൾ ഉൾപ്പെടെ ചെറുതും വലുതുമായ മുഴുവൻ കാര്യത്തെയും അവിടുന്ന് ഒരൊറ്റ കാര്യമായി ഒതുക്കിപ്പറഞ്ഞു- 'അയച്ചവന്റെ ഇഷ്ടം'. യേശുവിൽ വിശ്വസിക്കുന്ന നമുക്കും ഇതു കഴിയുമല്ലോ. നമ്മെ അയച്ചവന്റെ ഇഷ്ടം ചെയ്യാൻ നമുക്കും കഴിയും. യേശുവിനെപ്പോലെ കടലിന്മീതെ നടക്കുക, മരിച്ചവരെ ഉയിർപ്പിക്കുക എന്നുള്ളതല്ല നമ്മെക്കുറിച്ചുള്ള ദൈവേഷ്ടം. മറിച്ച് ദൈവത്തിൽ വിശ്വസിച്ച് ആശ്രയിച്ച് വചനപ്രകാരമുള്ള ഒരു ജീവിതം നയിക്കുക എന്നുള്ളതാണ്. ആ ദൈവേഷ്ടം നാം നിറവേറ്റുമ്പോൾ യേശു ചെയ്ത പ്രവൃത്തി തന്നിൽ വിശ്വസിക്കുന്ന നാമും ചെയ്യുകയാണ്.

---



# ചിരിക്കാൻ ചില കാരണങ്ങൾ

മനുഷ്യരാശിക്കു കിട്ടിയ ഏറ്റവും വലിയ വരദാനമാണ് ചിരിക്കാൻ കഴിയുക എന്നത്. ജീവിതത്തിലെ ഏറ്റവും പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്നുപോവുമ്പോഴും മനസുതുറന്നു ചിരിക്കാൻ കഴിയുക എന്നത് ഒരു വലിയ അനുഗ്രഹം തന്നെയാണ്. കുട്ടികളായിരിക്കുമ്പോൾ, നമ്മൾ ദിവസത്തിൽ അനേകം തവണ ചിരിക്കുമായിരുന്നു, എന്നാൽ മുതിർന്നപ്പോൾ, ജീവിതം ഗൗരവമുള്ളതും ചിരി അപൂർവ്വവുമായി തീർന്നു. എന്നാൽ സന്തോഷത്തിനും ചിരിക്കുമുള്ള അവസരങ്ങൾ തേടുന്നതിലൂടെ, വൈകാരിക ആരോഗ്യം മെച്ചപ്പെടുത്താനും പരസ്പരമുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്താനും കൂടുതൽ സന്തോഷം കണ്ടെത്താനും നിങ്ങളുടെ ജീവിതത്തിലേക്ക് വർഷങ്ങൾ കൂട്ടിച്ചേർക്കാനും കഴിയുന്നു.

ചിരി ശക്തമായ ഔഷധമാണ്. ആരോഗ്യകരമായ മാറ്റങ്ങൾക്കു കാരണമാകുന്ന വിധത്തിൽ ഇത് ആളുകളെ ഒരുമിച്ച് ആകർഷിക്കുന്നു. ചിരി ഒരു വ്യക്തിയുടെ രോഗപ്രതിരോധ സംവിധാനത്തെ ശക്തിപ്പെടുത്തുകയും മാനസികാവസ്ഥ മെച്ചപ്പെടുത്തുകയും വേദന കുറയ്ക്കുകയും സമ്മർദ്ദത്തിന്റെ ദോഷകരമായ ഫലങ്ങളിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുന്നു. നിങ്ങളുടെ മനസ്സിനെയും ശരീരത്തെയും സന്തുലിതാവസ്ഥയിലേക്ക് തിരികെ കൊണ്ടുവരാൻ ഒരു നല്ല ചിരിക്ക് സാധിക്കും. സന്തോഷം നിങ്ങളുടെ ഭാരങ്ങളെ ലഘൂകരിക്കുന്നു. പ്രത്യാശയെ പ്രചോദിപ്പിക്കുന്നു, നിങ്ങളെ മറ്റുള്ളവരുമായി ബന്ധിപ്പിക്കുന്നു, ഒപ്പം നിങ്ങളിലെ ശ്രദ്ധയും ജാഗ്രതയും നിലനിർത്തുന്നു. കോപം ഒഴിവാക്കാനും വേഗത്തിൽ ക്ഷമിക്കാനും ഇതു നിങ്ങളെ സഹായിക്കുന്നു. സുഖപ്പെടുത്താനും പുതുക്കാനും ശക്തിയുള്ളതിനാൽ, ഇടയ്ക്കിടെ ചിരിക്കാനുള്ള കഴിവ് പ്രശ്നങ്ങളെ അതിജീവിക്കുന്നതിനും നിങ്ങളുടെ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശാരീരികവും വൈകാരികവുമായ ആരോഗ്യത്തെ പിന്തുണയ്ക്കുന്നതിനും സഹായകമാവുന്നു.



ചിരിക്കുന്നതിലൂടെ തലച്ചോറിൽ സുഖകരമായ എൻഡോർഫിന്സ് എന്ന രാസവസ്തു ഉത്പാദിപ്പിക്കപ്പെടുന്നു. ഇത് വേദന ഒഴിവാക്കാൻ സഹായിക്കുന്നു എന്നു ഗവേഷണം സൂചിപ്പിക്കുന്നു. ഫൈബ്രോമയാൾജിയ പോലുള്ള പ്രശ്നങ്ങൾ ഉള്ളവരുടെ ശരീരത്തിൽ എൻഡോർഫിനിന്റെ അളവു കുറവാണെന്നു ഗവേഷണങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വികാരങ്ങൾ ഉയർന്നുവരുമ്പോൾ സംഘർഷം നിയന്ത്രിക്കുന്നതിനും പിരിമുറുക്കം കുറയ്ക്കുന്നതിനുമുള്ള ശക്തമായ ഒരു ഉപകരണമാണ് ചിരി. അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കുന്നതിനും എല്ലാവരുടെയും സമ്മർദ്ദം കുറയ്ക്കുന്നതിനും നിങ്ങളുടെ ബന്ധങ്ങൾ തകർക്കുന്നതിനുപകരം അവയെ കെട്ടിപ്പടുക്കുന്ന വിധത്തിൽ ആശയവിനിമയം നടത്തുന്നതിനും നർമ്മം ഉപയോഗിക്കാൻ ഇനി പഠിക്കാം.

നിങ്ങൾക്ക് മറ്റുള്ളവരുടെ തമാശകൾ, തമാശയായി തോന്നിയില്ലെങ്കിലും ചിരിച്ചുകൊണ്ട് തുടങ്ങാം. നിങ്ങൾക്കും മറ്റേ വ്യക്തിക്കും അതുവഴി സന്തോഷം തോന്നാം, അതു നിങ്ങളെ കൂടുതൽ അടുപ്പിക്കുന്നു. ആർക്കറിയാം, അത് പിന്നീട് ചില സ്വതസിദ്ധമായ ചിരിയിലേക്ക് നയിക്കുമോ എന്ന്.

ഇവിടെ വിക്ടർ ഹ്യൂഗോ പറഞ്ഞതു ചേർക്കുന്നു 'മനുഷ്യന്റെ മുഖത്തുനിന്ന് ശീതകാലം അകറ്റുന്ന സൂര്യനാണ് ചിരി.' അതിനാൽ മനസ്സ് തുറന്നുതന്നെ ചിരിക്കൂ.



# ബാലവേദി



## കടം വരുത്തിയ മാറ്റം

**പ**തിനേഴാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന എഴുത്തുകാരനും രാഷ്ട്രീയപ്രവർത്തകനുമായിരുന്നു ജോസഫ് ആഡിസൻ. അടുത്ത സുഹൃത്തുമായി രാഷ്ട്രീയകാര്യങ്ങളും മറ്റും ചർച്ച നടത്തുന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു.

ഒരിക്കൽ ആ സുഹൃത്തിന് എന്തോ അത്യാവശ്യം വന്നപ്പോൾ ആഡിസൻ കുറച്ചു പണം കടം കൊടുത്തു. ചർച്ചകളിൽ സ്വന്തം അഭിപ്രായം അതിശക്തമായി പറയുകയും വാദിക്കുകയും ചെയ്തിരുന്ന ആളായിരുന്നു ആ സുഹൃത്ത്.

എന്നാൽ കടം വാങ്ങിയതോടെ ഒരു മാറ്റമുണ്ടായി. ആഡിസൻ എന്തു പറഞ്ഞാലും സുഹൃത്ത് അതേപടി സമ്മതിക്കാൻ തുടങ്ങി! ഈ മാറ്റം ആഡിസൻ ശ്രദ്ധിക്കുകയും ചെയ്തു.

ഒരിക്കൽ അത്തരമൊരു ചർച്ച നടക്കുകയായിരുന്നു. ആഡിസൻ സ്വന്തം വാദമുഖങ്ങൾ അവതരിപ്പിച്ചു. കൂട്ടുകാരനാകട്ടെ, അതെല്ലാം അംഗീകരിക്കുന്നതുപോലെ മിണ്ടാതെ ഇരുന്നു.

ആഡിസന് വലിയ നിരാശ തോന്നി. കാരണം, കുറച്ചുകാലം മുൻപ് ഇതേ വിഷയത്തിൽ അവർ തമ്മിൽ വലിയ തർക്കം നടന്നിട്ടുണ്ട്. അന്ന് അതിശക്തമായി എതിർത്തിരുന്ന അതേ കാര്യങ്ങളാണ് ഇപ്പോൾ ഇദ്ദേഹം തലകുലുക്കി സമ്മതിക്കുന്നത്!

ആഡിസൻ പറഞ്ഞു: "ചങ്ങാതീ, ഒന്നുകിൽ എന്റെ വാദങ്ങൾ ഖണ്ഡിക്കുക. അതല്ലെങ്കിൽ എന്റെ പണം തിരിച്ചുതരിക!"

ശരിയെന്നു തോന്നുന്ന സ്വന്തം അഭിപ്രായങ്ങൾ ഏത് സാഹചര്യത്തിലും മറച്ചു പിടിക്കരുത് എന്നാണ് ആഡിസൻ പറഞ്ഞതിന്റെ അർഥം എന്ന് സുഹൃത്തിനു മനസ്സിലായി.

## മസിലും മൗസും



**ശ**രീരസൗന്ദര്യമത്സരങ്ങളിൽ പങ്കെടുക്കുന്നവർ കൈകളിലെ മസിൽ പെരുപ്പിക്കുന്നതു കണ്ടിട്ടുണ്ടാകും. അതു കാണുമ്പോൾ അവരുടെ തൊലിക്കടിയിലൂടെ എലി ഓടുന്നതുപോലെ തോന്നിയിട്ടുണ്ടോ?

പണ്ട് യൂറോപ്പിൽ പലർക്കും അങ്ങനെയാണ് തോന്നിയത്. 'മസിൽ' എന്ന വാക്ക് വന്നതുപോലും അങ്ങനെയാണ്. ലാറ്റിൻ ഭാഷയിലെ 'മസ്', 'മസ്കുലസ്' തുടങ്ങിയ വാക്കുകളിൽ നിന്നാണ് 'മസിൽ വന്നത്. 'മസ്' എന്ന വാക്കിന് എലി എന്നാണർഥം! 'ചെറിയ എലി' ആണ് 'മസ്കുലസ്'. 'പേശികളുമായി ബന്ധപ്പെട്ടത്' എന്ന അർഥത്തിൽ ഉപയോഗിക്കുന്ന വാക്കാണ് 'മയോ', ഉദാഹരണത്തിന്, പേശികളെക്കുറിച്ചുള്ള പഠനമാണ് 'മയോളജി'. 'മൈസ്' എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് 'മയോ' വന്നത്. എലി എന്നും മസിൽ എന്നും ഇതിന് അർഥമുണ്ട്.

ലാറ്റിനിൽ മാത്രമല്ല, ഗ്രീക്ക് ഭാഷയിലും മസിലിനു പിന്നിൽ 'എലി'യുണ്ട് എന്നു ചുരുക്കം!

## പ്രഭുകുടുംബത്തിൽ ജനിച്ച പ്ലേറ്റോ

**ബി.സി 427-ൽ** ഏദൻസിലെ പ്രഭുകുടുംബത്തിലാണ് പ്ലേറ്റോയുടെ ജനനം. അരിസ്റ്റോകീസ് എന്നായിരുന്നു ആദ്യ പേര്. ഉന്നത വിദ്യാഭ്യാസം നേടിയ പ്ലേറ്റോ ഇരുപത്തിനാലാമത്തെ വയസിൽ സോക്രട്ടീസിന്റെ ശിഷ്യനായി. എല്ലാ ഗ്രീക്ക് യുവാക്കളേയും പോലെ പ്ലേറ്റോയും പട്ടാള സേവനം ചെയ്തു. സോക്രട്ടീസിന്റെ മരണത്തോടെ അദ്ദേഹം ഗ്രീസ് വിട്ടു. യൂറോപ്പ്, പശ്ചിമേഷ്യ തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ചു. ഇറ്റലിയിൽ വച്ച് പൈതഗോറസിന്റെ രചനകൾ പഠിച്ച് ഗണിതശാസ്ത്രത്തിന്റെ പ്രാധാന്യം മനസിലാക്കി. ബി.സി 387-ൽ പ്ലേറ്റോ ഏദൻസിലെത്തി. അവിടെ വിഖ്യാതമായ അക്കാദമി സ്ഥാപിച്ചു. തത്വശാസ്ത്രം മനസിലാക്കാൻ ജ്യോതിശാസ്ത്രത്തിന്റെ അറിവ് അനിവാര്യമാണെന്നും അദ്ദേഹം വിശ്വസിച്ചു.

പ്ലേറ്റോയുടെ സുപ്രധാന പ്രമാണങ്ങൾ അടങ്ങിയ രചനയാണ് ദ റിപ്പബ്ലിക്. സംവാദത്തിന്റെ രീതിയിലാണ് അത് എഴുതിയിരിക്കുന്നത്. അപ്പോളജി, ലോസ്, ഫിലേബസ്, ക്രൈറ്റോ, അയോൺ, ജോർജിയസ്, സിംപോറിയം തുടങ്ങിയവ അദേഹത്തിന്റെ പ്രമുഖ രചനകളാണ്. പാശ്ചാത്യ രാഷ്ട്രമീമാംസയുടെ പിതാവായി പ്ലോറ്റോ അറിയപ്പെട്ടു. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു അരിസ്റ്റോട്ടിൽ. അക്കാദമിയിൽ പഠിപ്പിച്ചുകൊണ്ടിരിക്കേ ബി.സി 347-ൽ ഏദൻസിൽ വച്ച് അദ്ദേഹം മരണമടഞ്ഞു. എ.ഡി 529 വരെ അദ്ദേഹം സ്ഥാപിച്ച അക്കാദമി നിലനിന്നു.



## ഏഴു വർഷം പിന്നിൽ

**ആ**ഫ്രിക്കയിലെ ഇത്യോപ്യ എന്ന രാജ്യക്കാരുടെ സ്വന്തം കലണ്ടറിൽ 13 മാസങ്ങളുണ്ട്. 13-ാമത്തെ മാസത്തിൽ പക്ഷേ, 5-6 ദിവസങ്ങളേയുള്ളു! മാത്രമല്ല, നമ്മൾ ഉപയോഗിക്കുന്ന ഗ്രിഗോറിയൻ കലണ്ടറിനേക്കാൾ ഏഴുവർഷം പിന്നിലാണ് അവരുടെ കലണ്ടർ!









ഇംഗ്ലീഷിലെ രസകരമായ ശൈലികൾ പരിചയപ്പെടാം!
**WORDS**
എന്ന വാക്ക് വരുന്ന ചില ശൈലികളാണ് ഈ ലക്കത്തിൽ.



### EAT YOUR WORDS

പറഞ്ഞതിൽ നിന്ന് പിന്മാറുക, മുമ്പ് പറഞ്ഞത് തെറ്റാണെന്ന് സമ്മതിക്കുക എന്നൊക്കെയാണ് അർത്ഥം

*His Manager accused him of stealing the money. I hope he ate his words after the real thief was caught.*

### PUT WORDS INTO SOMEONE'S MOUTH

പറയാത്ത കാര്യങ്ങൾ പറഞ്ഞു എന്ന് ആരോപിക്കുക എന്നർഥം.

*I never said you were lazy-stop putting words in my mouth!*

### NOT MINCE YOUR WORDS

മറ്റുള്ളവർക്ക് വിഷമമാകുമെങ്കിലും പറയാനുള്ളത് മയമില്ലാതെ പറയുക എന്നർഥം.

*Daniel did't mince words and told me straight away that I had failed.*

### A WAR OF WORDS

എന്തിനെങ്കിലും വേണ്ടി വാദിക്കുക എന്നർഥം.

*An unpleasant war of words has broken out between the footballer and his former manager.*

## മെയ്ഡ് ഇൻ റോം



**യൂ**റോപ്പിന്റെ മുക്കാൽ ഭാഗത്തും പടിഞ്ഞാറൻ ഏഷ്യയിലും വടക്കൻ ആഫ്രിക്കയിലും മെഡിറ്ററേനിയനിലുമായി വ്യാപിച്ചുകിടന്നിരുന്ന റോമാസാമ്രാജ്യം (ബി.സി എട്ടാം നൂറ്റാണ്ട് മുതൽ എ.ഡി. അഞ്ചാം നൂറ്റാണ്ട് വരെ) നഗര നിർമ്മാണത്തിലും കൃഷിയിലും ചികിത്സയിലും അടക്കം വിവിധ മേഖലകളിൽ ആധുനിക ലോകത്തിന് മികച്ച മാതൃകകൾ സമ്മാനിച്ചിട്ടുണ്ട്. അവയിൽ ചിലത് കേട്ടോളു,

**നഗരങ്ങളുടെ ഡിസൈൻ**



സ്ഥലത്തെ കളങ്ങളാക്കി തിരിച്ചുള്ള 'ഗ്രിഡ് ലേഔട്ട്' ആണ് റോമാക്കാർ അവരുടെ നഗരങ്ങൾ നിർമ്മിക്കാനായി തിരഞ്ഞെടുത്തത്. അത്തരം നഗരങ്ങളുടെ നടുവിലായി അവർ കച്ചവടത്തിനു വേണ്ടി പ്രത്യേക സ്ഥലങ്ങളും ഒരുക്കി. പിൽക്കാലത്ത് ഈ രീതി ലോകമെമ്പാടും പ്രചാരം നേടി. റോമാക്കാർക്കു മുൻപ് ഓരോ സ്ഥലത്തെയും ഭൂമിശാസ്ത്രത്തിനൊപ്പിച്ച് ഓരോ തരത്തിൽ കെട്ടിടങ്ങളും മറ്റും നിർമ്മിക്കുന്നതായിരുന്നു പതിവ്.

**ചൂട് വിതരണ സൂത്രപ്പണികൾ**



വീടിനുള്ളിൽ ആവശ്യമായ ചൂട് നിലനിർത്താൻ വളരെ വിദഗ്ധമായ വാസ്തുവിദ്യയാണ് റോമാക്കാർ പ്രയോഗിച്ചിരുന്നത്. വിറക് ഉപയോഗിച്ച് തീ കത്തിക്കാനുള്ള ഒരു ഇടം വീടിന്റെ അടിവശത്ത് ഉണ്ടാക്കും. അവിടെനിന്ന് ചൂട് വീടിനുള്ളിൽ എല്ലായിടത്തും എത്താൻ പൊള്ളയായ ഭിത്തികളും ഇഷ്ടികകൾക്കിടയിലെ വിടവുകളും സഹായിക്കും. പുക പുറത്തു പോകാൻ പ്രത്യേകം സംവിധാനങ്ങളും ഒരുക്കിയിരുന്നു.

**മാലിന്യം എന്തു ചെയ്യും?**

ഓടകൾ എന്ന ആശയം ആദ്യമായി വിജയകരമായി നടപ്പാക്കിയവരിൽ മുമ്പന്മാരാണ് റോമാക്കാർ. ബി.സി 500 കാലത്തേ റോമിൽ ഓടകളുണ്ടായിരുന്നു. അതിൽ പലതും ഇന്നും ഉപയോഗത്തിലുണ്ടുതാനും! മാലിന്യങ്ങൾ ഒഴുക്കിക്കൊണ്ടുപോവുകയാണല്ലോ ഇന്നത്തെ നഗരങ്ങളിലെ ഓടകളുടെ പ്രധാന ഡ്യൂട്ടി. എന്നാൽ, മഴയോ വെള്ളപ്പൊക്കമോ ഒക്കെ കാരണം തെരുവുകളിൽ കയറുന്ന വെള്ളം ഒഴുക്കിക്കളയുകയായിരുന്നു റോമിലെ ഓടകളുടെ പ്രധാന ദൗത്യം. ചില വീടുകൾ ഓടകളുമായി നേരിട്ട് 'കണക്റ്റ്' ചെയ്തിരുന്നു. അല്ലാത്തവർ മാലിന്യങ്ങൾ ഓടകളിൽ നിക്ഷേപിക്കുമായിരുന്നു

# സുവിശേഷവും ശിഷ്യന്മാരുടെ സ്വപ്നങ്ങളും



**ജീവസന്ദേശം**

ടി.എം. വർഗ്ഗീസ് ഓതറ

മരിച്ച് ഉയിർത്തെഴുന്നേറ്റവനായ യേശു സ്വർഗാരോഹണം ചെയ്യുന്ന ദിവസം, അവർ കൂടിയിരിക്കുമ്പോൾ അവിടുന്നു ശിഷ്യന്മാരെ ഓർമ്മിപ്പിച്ചു: 'നിങ്ങൾ യെരുശലേമിൽ പരിശുദ്ധാത്മാവ് എന്ന വാഗ്ദാനത്തിനായി കാത്തിരിക്കണം, യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു. എന്നാൽ നിങ്ങൾക്കു പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനം ലഭിക്കും' (അ.പ്ര. 1:5). പക്ഷേ യേശുവിന്റെ ഈ വാക്കുകളോടുള്ള ശിഷ്യന്മാരുടെ പ്രതികരണം നമ്മെ അത്ഭുതപ്പെടുത്തും. പരിശുദ്ധാത്മാവ് എന്താണെന്നോ, പരിശുദ്ധാത്മസ്നാനത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നോ, അല്ലെങ്കിൽ പരിശുദ്ധാത്മ സ്നാനം പ്രാപിച്ച ശേഷം തുടർന്നു തങ്ങൾ എന്താണു ചെയ്യേണ്ടതെന്നോ ഒന്നുമല്ല അവർക്കറിയേണ്ടത്. അവർ ഉടനെ ചോദിക്കുന്നതു രാജ്യത്തെക്കുറിച്ചാണ്. 'കർത്താവേ നീ എപ്പോഴാണു രാജ്യം യഥാസ്ഥാനപ്പെടുത്തി തരുന്നത്' എന്നായിരുന്നു അവരുടെ അന്വേഷണം (അ.പ്രവൃ. 1:6). പക്ഷേ യേശു അവരുടെ സങ്കുചിതമായ വീക്ഷണത്തെയോ പരിമിതമായ കാഴ്ചപ്പാടിനെയോ ശാസിക്കുന്നില്ല. അവിടുന്നു കാരുണ്യപൂർവ്വം അവരുടെ തലത്തിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ട് 'പിതാവ് സ്വന്ത അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നതു നിങ്ങൾക്കുള്ളതല്ല' എന്നു പറഞ്ഞ ശേഷം വീണ്ടും പരിശുദ്ധാത്മാവിനെക്കുറിച്ചുതന്നെ അവരോടു പറയുന്ന ഭാഗമാണു നാം തുടക്കത്തിൽ ഉദ്ധരിച്ചത്. അവിടെ യേശു വീണ്ടും പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ആവശ്യബോധത്തിലേക്ക് അവരെ നയിക്കാൻ ശ്രമിക്കുന്നു– 'പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരും, നിങ്ങൾ ശക്തരാകും, നിങ്ങൾ സാക്ഷികൾ ആകും' എന്നിങ്ങനെ...



എന്തുകൊണ്ടാണു പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ചു പറയുമ്പോൾ ശിഷ്യന്മാർ എപ്പോഴും രാജ്യത്തെക്കുറിച്ച് ഓർത്തു പോകുന്നത്? 'യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു, നിങ്ങൾക്കു പരിശുദ്ധാത്മ സ്നാനം ലഭിക്കും' എന്നു യേശു പറഞ്ഞപ്പോൾ യോഹന്നാൻ സ്നാപകനും തുടർന്നു യേശുവും തങ്ങളുടെ ശുശ്രൂഷകൾ ആരംഭിച്ചതും ഇരുവരും 'രാജ്യത്തിന്റെ സുവിശേഷം' പ്രഘോഷിച്ചതും തങ്ങൾ ശിഷ്യരായതുമെല്ലാം അവർ ഓർത്തുപോയിരിക്കാം. അതിനെതുടർന്ന് അവർ തങ്ങൾക്ക് എക്കാലത്തും താല്പര്യമുള്ള വിഷയത്തെക്കുറിച്ചു സ്വാഭാവികമായി ചോദിച്ചു: 'ഇനി എന്നാണു ഞങ്ങൾക്കു രാജ്യം കിട്ടുക?'

വാസ്തവത്തിൽ യേശു പ്രഘോഷിച്ച രാജ്യത്തിന്റെ സുവിശേഷം അതിന്റെ ശരിയായ അർത്ഥത്തിൽ ശിഷ്യന്മാർക്ക് ഉൾക്കൊള്ളുവാൻ കഴിഞ്ഞിരുന്നില്ല. ഭൗതികമായ ഒരു ചക്രവാളത്തിന് അപ്പുറത്തേക്ക് അവരുടെ ഹൃദയദൃഷ്ടി പ്രകാശിച്ചിരുന്നുവോയെന്നു സംശയം. അതുകൊണ്ടാണല്ലോ സെബദിപുത്രന്മാരുടെ അമ്മ വന്നു തന്റെ പുത്രന്മാർ ഇരുവരും 'നിന്റെ രാജ്യത്തിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിപ്പാൻ അരുളിച്ചെയ്യണമേ' എന്ന് അപേക്ഷിച്ചതും അതു കേട്ട മറ്റു പത്തു ശിഷ്യന്മാർ ആ രണ്ടു സഹോദരന്മാരോട് നീരസപ്പെട്ടതും (മത്തായി 20:21, 24). ഒടുവിൽ യേശു ക്രൂശിക്കപ്പെട്ടതോടെ ഒരു രാജ്യത്തിൽ ഇടത്തും വലത്തും ഇരുന്നു ഭരിക്കാമെന്നുള്ള വിദ്യാവിഹീനരായ ഈ പാവം ശിഷ്യന്മാരുടെ സ്വപ്നങ്ങളൊക്കെ പൊലിഞ്ഞുപോയി. എന്നാൽ മൂന്നു നാൾ കഴിഞ്ഞപ്പോൾ ഇതാ മരണത്തെ ജയിച്ച് യേശു ഉയിർത്തെഴുന്നേറ്റുവന്നിരിക്കുന്നു. മാത്രമോ? 'നാല്പതുനാളോളം അവർക്കു പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ വീണ്ടും പറയുന്നു (അ.പ്രവൃ. 12).

ഈ രാജ്യം കാണണമെങ്കിൽ പുതുതായി ജനിക്കണം എന്നു യേശു നിക്കോദേമൊസിനോടു പറയുന്നു (യോഹ. 3:3). എന്നാൽ മത്തായി 6:18, 19 ൽ 'യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന വെളിപ്പാടിന്മേൽ താൻ തന്റെ സഭയെ പണിയും' എന്നു പത്രോസിനോടു വ്യക്തമാക്കുന്നിടത്ത് കർത്താവ് സഭയെയും സ്വർഗരാജ്യത്തെയും ഒന്നാക്കിയാണ് പറഞ്ഞിരിക്കുന്നതെന്നതു ശ്രദ്ധിക്കുക. കൂടാതെ, സഭയിലുള്ളവരോടു പിന്നീട് പൗലോസ് പറയുന്നത് 'നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ച് സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിൽ ആക്കിവച്ചിരിക്കുന്നു' എന്നാണ് (കൊലോസ്യ.1:13). 'ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രേ എന്ന വാക്യം (റോമർ 14:17) നാം കാണുന്നതും സഭയെക്കുറിച്ചും സഭയിലെ അന്യോന്യബന്ധത്തെക്കുറിച്ചും പരാമർശിക്കുന്നിടത്താണെന്നതും ശ്രദ്ധിക്കുക. ചുരുക്കത്തിൽ യോഹന്നാനും യേശുവും 'സമീപിച്ചിരിക്കുന്നു' എന്നു പ്രഘോഷിച്ച ഈ രാജ്യം സഭയാണെന്നു വ്യക്തം. പെന്തക്കോസ്തുനാളിൽ ശിഷ്യന്മാർ പരിശുദ്ധാത്മസ്നാനം പ്രാപിച്ചിടത്തു സഭ നിലവിൽ വന്നു. സഹസ്രാബ്ദ വാഴ്ചയിലും നിത്യതയിലും അതു തുടരും, യേശുക്രിസ്തുവാണ് ഈ രാജ്യത്തിന്റെ തലവൻ. പുതുതായി ജനിക്കുന്നതിലൂടെയാണ് ഈ രാജ്യത്തിലേക്കുള്ള പ്രവേശനം. പുതുതായി ജനിക്കുന്നവരെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ച് ഈ രാജ്യത്തിൽ ആക്കിവയ്ക്കും. ദൈവഹിതത്തിന്റെ ഈ മർമ്മം എത്ര വലിയത്! (എഫേസ്യ.1:9, 10; 3:9).



## ആശ്രയവും പരിശ്രമവും

അഗുയിലീറയുടെ സുഹൃത്തായിരുന്നു റെബേക്ക. അവർ ഇരുവരും മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്കുവേണ്ടി ലൈബ്രറിയിലിരുന്നു പഠിക്കുമ്പോൾ അഗുയിലീറയ്ക്ക് ആധികയറി. പരീക്ഷയിൽ താൻ തോറ്റുപോകുമെന്നായിരുന്നു ആ യുവാവിന്റെ ഭയം. അയാൾ അക്കാര്യം റെബേക്കയോടു പറയുകയും ചെയ്തു.

അവൾ കുറെനേരം അഗുയിലീറയുടെ കണ്ണുകളിലേക്കു നോക്കിയിരുന്നു. അതിനുശേഷം സ്വരം താഴ്ത്തി ഒരു രഹസ്യം പറയുന്നതുപോലെ മന്ത്രിച്ചു: 'പരീക്ഷയുടെ ചോദ്യങ്ങൾക്ക് ഉത്തരമറിയില്ലെങ്കിൽ ദൈവത്തോടു സഹായിക്കാൻ പറയൂ.'

ക്യൂബയിൽ ജനിച്ചുവളർന്നയാളാണ് അഗുയിലീറ, അവിടുത്തെ കമ്മ്യൂണിസ്റ്റ് ഭരണത്തിൻകീഴിൽ ദൈവത്തെക്കുറിച്ചു പഠിക്കുവാൻ അയാൾക്ക് അവസരം ലഭിച്ചിരുന്നില്ല. വീട്ടിൽ ലഭിച്ച ശിക്ഷണത്തിലും ദൈവത്തിനു സ്ഥാനമുണ്ടായിരുന്നില്ല.

പ്രവേശന പരീക്ഷയിൽ ജയിച്ച് മെഡിസിനു പഠിച്ചു ഡോക്ടറാകണം അതായിരുന്നു അഗുയിലീറയുടെ ഒരു സ്വപ്നം. ക്യൂബയിൽ നിന്ന്, അവസരങ്ങളുടെ നാടായ അമേരിക്കയിലെത്തുക അതായിരുന്നു അയാളുടെ മറ്റൊരു സ്വപ്നം. പക്ഷേ, പരീക്ഷ ജയിക്കേണ്ടതിന്റെ ആവശ്യകതയോർത്തപ്പോൾ അയാൾ അറിയാതെ പ്രാർത്ഥിച്ചു: 'ദൈവമേ, അങ്ങ് ആരായിരുന്നാലും ഒരു ഡോക്ടറാകണമെന്നാണ് എന്റെ ആഗ്രഹം. അതാണ് എന്റെ സ്വപ്നം. എന്നെ സഹായിക്കൂ.'



പ്രാർത്ഥന ഫലിച്ചു. കണക്കിന്റെ ആ ചോദ്യത്തിന് അഗുയിലീറ അന്ന് ഉത്തരമെഴുതി. ആ ഒരു ചോദ്യത്തിനുള്ള ഉത്തരത്തിന്റെ മാർജിനിലാണത്രേ അയാൾ എൻട്രൻസ് പരീക്ഷ പാസായത്.

അഗുയിലീറ മെഡിസിൻ പഠനം ആരംഭിച്ചതോടൊപ്പം ദൈവത്തെക്കുറിച്ചും പഠിക്കുവാൻ തുടങ്ങി. ബൈബിളായിരുന്നു അതിനുള്ള പ്രധാന ആശ്രയം. ദൈവത്തെക്കുറിച്ചു കൂടുതൽ അറിഞ്ഞപ്പോൾ പ്രാർത്ഥന എളുപ്പമായി മാറി. ഈ അനുഭവത്തെക്കുറിച്ച് അഗുയിലീറ 'ഗൈഡ് പോസ്റ്റ്സ്' മാസികയിലെഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: 'ഇതുവരെ സ്വപ്നം കാണുവാൻ മാത്രമായിരുന്നു എനിക്കു സാധിച്ചിരുന്നത്. ഇപ്പോഴാകട്ടെ പ്രാർത്ഥിക്കുവാനും എനിക്കു സാധിക്കുന്നു.'

അമേരിക്കയിലേക്കു കുടിയേറുന്നതു സംബന്ധിച്ച് അഗുയിലീറ സ്വപ്നം കണ്ടു. അതിനുവേണ്ടി പ്രാർത്ഥിച്ചു. പക്ഷേ, മെഡിസിൻ പഠനത്തിന്റെ മൂന്നാംവർഷമായിട്ടും അമേരിക്കയിലേക്കുള്ള വിസ സംബന്ധിച്ച് ഒരു തീരുമാനവുമായില്ല. തന്മൂലം, തന്റെ സ്വപ്നം സാക്ഷാത്കരിക്കാനിടയില്ല എന്ന ചിന്ത അഗുയിലീറയിൽ കടന്നുകൂടി.

അമേരിക്കയിലേക്കു കുടിയേറുന്നതു സംബന്ധിച്ച പ്രതീക്ഷ നശിച്ച അഗുയിലീറ ഒരു ദിവസം കടലിൽ ചൂണ്ടയിടുവാൻ പോയി. 1997 ഫെബ്രുവരിയിലെ ഒരു ശനിയാഴ്ചയായിരുന്നു അത്. അയാൾ ചൂണ്ടയിട്ടുനിൽക്കുമ്പോൾ ഒരു കുപ്പി കടൽത്തീരത്തുവന്നടിഞ്ഞു. ആ ബോട്ടിലെടുത്തു കടലിലേക്കു വലിച്ചെറിയുവാനാണ് ആദ്യം അയാൾക്കു തോന്നിയത്. പക്ഷേ, ആ കുപ്പിക്കുള്ളിൽ ഒരു കത്തു കിടക്കുന്നത് അയാൾ ശ്രദ്ധിച്ചു.

അയാൾ വേഗം കുപ്പി തല്ലിപ്പൊട്ടിച്ചു കത്തു പുറത്തെടുത്തു. ഇംഗ്ലീഷിലുള്ള ഒരു കുറിപ്പായിരുന്നു അത്. ആ കുറിപ്പനുസരിച്ച്, 1993 ജൂലൈ 30ന് അമേരിക്കയിലെ മാസച്യുസെറ്റ്സിലുള്ള കേപ് കോഡിൽ നിന്നു കടലിലെറിയപ്പെട്ട ബോട്ടിലായിരുന്നു അത്. അമേരിക്കയിലെ മിനസോട്ട സംസ്ഥാനത്തുനിന്നു കേപ്കോഡിൽ അവധി ചെലവഴിക്കാനെത്തിയ ലീസ്ക് കുടുംബാംഗങ്ങളാണ് ആ കുപ്പി കടലിൽ നിക്ഷേപിച്ചത്. കുപ്പി കണ്ടെടുക്കുന്നവർ അക്കാര്യം തങ്ങളെ അറിയിച്ചുകൊണ്ടു കത്തെഴുതിയാൽ അതിനു മറുപടി നൽകുമെന്നു കുപ്പിക്കുള്ളിലെ കത്തിൽ എഴുതിയിട്ടുണ്ടായിരുന്നു.

മൂന്നു വർഷവും ആറുമാസവും പതിനഞ്ചുദിവസവും കടലിലൂടെ യാത്ര ചെയ്ത് തന്റെ പക്കലെത്തിയ ആ കത്ത് ദൈവത്തിൽനിന്നുള്ള ഒരു സൂചനയായി അഗുയിലീറ കരുതി. അയാൾ വേഗം ലീസ്ക് കുടുംബാംഗങ്ങൾക്കു കത്തെഴുതി. അതോടൊപ്പം തന്റെ സ്വപ്നസാക്ഷാത്കാരത്തിനായുള്ള പ്രാർത്ഥനയുടെ ശക്തിയും കൂട്ടി.

അധികം താമസിയാതെ അഗുയിലീറ അമേരിക്കയിലേക്കു യാത്രയായി. യാത്ര പുറപ്പെടുന്നതിനു തൊട്ടുമുൻപ് അഗുയിലീറ തന്റെ കൊച്ചുസഹോദരിയായ ലിസറ്റിനെ അരികിൽ വിളിച്ച് അവൾക്കു തന്റെ ബൈബിൾ കൊടുത്തുകൊണ്ടു പറഞ്ഞു: 'ലിസറ്റ്, ബൈബിൾ വായിക്കുകയും ദൈവത്തിലാശ്രയിക്കുകയും ചെയ്യുക. നിന്നെക്കുറിച്ചും അവിടുത്തേക്ക് ഒരു സ്വപ്നമുണ്ട്.'

അഗുയിലീറ സ്വപ്നംകാണുക മാത്രമല്ല ചെയ്തത്. തന്റെ സ്വപ്നസാക്ഷാത്കാരത്തിനായി പരിശ്രമിച്ചതോടൊപ്പം പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ സഹായവും അയാൾ തേടി. അങ്ങനെയാണ് അയാൾ തന്റെ സ്വപ്നം നേടിയെടുത്തത്.

നമുക്കു നമ്മെക്കുറിച്ചു സ്വപ്നങ്ങൾ ഉള്ളതുപോലെ ദൈവത്തിനും നമ്മെക്കുറിച്ചു സ്വപ്നങ്ങൾ ഉണ്ട് എന്നതാണു വസ്തുത. ദൈവത്തിനു നമ്മെക്കുറിച്ചുള്ള സ്വപ്നങ്ങൾ അറിയണമെങ്കിൽ അതിനു പ്രാർഥനയാണു പ്രധാന ആശ്രയം. പ്രാർഥനയിലൂടെ ദൈവവുമായി നാം നിരന്തരം ബന്ധപ്പെട്ടാൽ അവിടുത്തേക്കു നമ്മെക്കുറിച്ചുള്ള സ്വപ്നങ്ങൾ തന്നെയായിരിക്കും നാം നമ്മുടെ സ്വപ്നങ്ങളായി നമ്മുടെ ജീവിതത്തിൽ കാണുക. അവിടുത്തെ സ്വപ്നങ്ങളും നമ്മുടെ സ്വപ്നങ്ങളും ഒന്നാകുമ്പോൾ അവ സാക്ഷാത്കരിക്കപ്പെടുമെന്നതിൽ സംശയമേ വേണ്ട.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ



തുടർച്ച

**1:5,** യേശുക്രിസ്തു ആരെന്നു വ്യക്തമാക്കുന്ന മൂന്നു വിശേഷണങ്ങൾ അഥവാ പദവിപ്പേരുകൾ നല്കിയിരിക്കുന്നു. മരണവും ഉത്ഥാനവുമായി ബന്ധപ്പെട്ടതാണ് ഇവ മൂന്നും. ഒന്ന് മറ്റൊന്നിനു നിദാനം എന്ന വിധത്തിലാണ് ഈ വിശേഷണങ്ങൾ നിലകൊള്ളുന്നത്.

**1. വിശ്വസ്തസാക്ഷി:** മരണംവരെ പിതാവിനോടും നമ്മോടും വിശ്വസ്തത പാലിച്ചവനാണ് വിശ്വസ്തസാക്ഷി

**2. മൃതരിൽ നിന്നുള്ള ആദ്യജാതൻ:** യേശുവിന്റെ മരണത്തോടെ ലോകത്തിന്മേലുള്ള പാപത്തിന്റെ ആധിപത്യം അവസാനിച്ചു. അവിടുത്തെ പുനരുത്ഥാനത്തിൽ പുതുയുഗം ഉദ്ഘാടനം ചെയ്യപ്പെട്ടു. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും പുനരുത്ഥാനവും ജീവനും ലഭ്യമാകുന്നു. യേശുവിനെപ്പോലെ മരണം വരെ വിശ്വസ്തത പാലിക്കുന്നവർ അവിടുത്തെ പുനരുത്ഥാനത്തിൽ പങ്കുചേരും (കൊലോ. 1:18; 1 കൊരി 15:20; റോമ 6:5).



**3. ഭൂമിയിലെ രാജാക്കന്മാരുടെ അധിപൻ:** മരണവും ഉത്ഥാനവുംവഴി പിതാവിൽ നിന്ന് സർവ്വ അധികാരവും സ്വീകരിച്ചിരിക്കുന്ന യേശു സകല രാജാക്കന്മാരുടെയും അധിപനാണ്. ഈ വിശ്വാസപ്രഖ്യാപനം റോമാചക്രവർത്തിയുടെ അവകാശവാദങ്ങളെ ഖണ്ഡിക്കുന്നു. ക്രിസ്തുവിന്റെ സഭയെ പീഡിപ്പിക്കുന്ന സാമ്രാജ്യശക്തികളും ക്രിസ്തുവിന്റെ ആധിപത്യത്തിൻ കീഴിലാണ്. ഈ വിശ്വാസം പീഡിതർക്കു പ്രത്യാശയും ധൈര്യവും പ്രദാനം ചെയ്യുന്നു. 'ഞാൻ അവനെ എന്റെ ആദ്യജാതനും ഭൂമിയിലെ രാജാക്കന്മാരിൽ അത്യുന്നതനും ആക്കും' (സങ്കീ 89:27) എന്ന സങ്കീർത്തനഭാഗത്തിന്റെ സ്വാധീനം ഈ വാക്യത്തിൽ കാണാം.

അടുത്തതായി, യേശുക്രിസ്തു നമുക്കുവേണ്ടി പൂർത്തിയാക്കിയ രക്ഷാകർമ്മത്തിലേക്ക് യോഹന്നാൻ ശ്രദ്ധ തിരിക്കുന്നു. അവൻ നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മെ നമ്മുടെ പാപത്തിൽനിന്നു മോചിപ്പിക്കുകയും ചെയ്തു. നമ്മുടെ അർഹതയെ പരിഗണിച്ചല്ല. അനന്തമായ സ്നേഹത്താൽ പ്രേരിതനായാണ് യേശുക്രിസ്തു നമ്മെ മോചിപ്പിച്ചത്. യേശുവിനു നമ്മോടുള്ള സ്നേഹത്തിന്റെ പാരമ്യം പ്രകടമാക്കുന്നതാണ് കുരിശുമരണം. യേശുവിന്റെ രക്തത്താൽ നാം മോചിപ്പിക്കപ്പെട്ടു എന്നത് പുതിയനിയമത്തിലുടനീളം പ്രതിധ്വനിക്കുന്ന വിശ്വാസസത്യമാണ് (മർക്കോ 10:45; അ.പ്ര. 20:28; റോമ. 5:9; എഫേ. 1:7; എബ്രാ 9:14; 1 യോഹ 1:7). സംഹാരദൂതനിൽനിന്നു രക്ഷയും ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചനവും നല്കിയ പെസഹാകുഞ്ഞാടിന്റെ പ്രതീകം യേശുവിൽ യാഥാർത്ഥ്യമായിത്തീരുന്നു.


സ്നേഹിക്കുകയും മോചിപ്പിക്കുകയും ചെയ്തു എന്ന രണ്ടു ക്രിയകളുടെ കാലം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഗ്രീക്കുമൂലത്തിൽ സ്നേഹിക്കുക എന്നത് വർത്തമാനകാലവും മോചിപ്പിക്കുക എന്നതു ഭൂതകാലവും ആയി കൊടുത്തിരിക്കുന്നു. യേശുവിന്റെ സ്നേഹം എന്നും നിലനില്ക്കുന്നതാണ്. അവൻ ഇന്നും എന്നും നമ്മെ സ്നേഹിക്കുന്നു. പാപത്തിൽ നിന്നുള്ള മോചനമാകട്ടെ, എക്കാലത്തേക്കുംവേണ്ടി ഒരിക്കൽ പൂർത്തിയാക്കിയതാണ്. കുരിശുമരണം ഒരിക്കൽ മാത്രം സംഭവിച്ചു. ആ ഒറ്റ പ്രവൃത്തിയിലൂടെ മനുഷ്യവർഗ്ഗം മുഴുവനും എന്നേക്കുമായി മോചിതമായിരിക്കുന്നു.

**1:6**, യേശു നമ്മെ പാപത്തിന്റെ ആധിപത്യത്തിൽ നിന്നു മോചിപ്പിച്ച് ദൈവത്തിന്റെ രാജ്യവും പുരോഹിതരും ആക്കി. തനിക്കായി ഒരു രാജ്യം ഒരുക്കാനും പുരോഹിതജനതയെ വാർത്തെടുക്കാനും ഉള്ള ദൈവികപദ്ധതി പുറപ്പാടു സംഭവത്തിൽ ആരംഭിച്ചതാണ് (പുറ 19:6). ദൈവത്തിന്റെ ഹിതം പൂർണ്ണമായി അനുസരിക്കുകയും അവിടുത്തെ ഭരണത്തിനു സ്വയം സമർപ്പിക്കുകയും ചെയ്യുന്ന ജനത്തിനു ദൈവം മാത്രമാണ് രാജാവ്. ഇസ്രായേൽ ജനം ദൈവത്തിന്റെ രാജകീയ ജനമായി സ്വയം കരുതി. ഭാവിയെ സംബന്ധിച്ച ഒരു വാഗ്ദാനമായി യെശയ്യാവ് ഇതിനെ അവതരിപ്പിച്ചു (യെശ 61:6). ആദിമസഭ യഥാർത്ഥ ഇസ്രായേലും രാജകീയ ജനതയുമായിട്ടാണ് സ്വയം വിശേഷിപ്പിച്ചത് (1 പത്രോ 2:9). പഴയനിയമത്തിന്റെ കാഴ്ചപ്പാടിൽ ദൈവത്തിനും മനുഷ്യനും ഇടയിൽ മധ്യസ്ഥനായി നിൽക്കുന്നവനാണ് പുരോഹിതൻ. ജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ബലികളർപ്പിക്കുകയും ദൈവഹിതം ജനങ്ങളെ അറിയിക്കുകയും ചെയ്യുന്നത് പുരോഹിതനാണ്. പുരോഹിതനു മാത്രമേ വിശുദ്ധ സ്ഥലത്തു പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. എന്നാൽ യേശുക്രിസ്തുവിന്റെ മരണംവഴി എല്ലാവർക്കും വിശുദ്ധസ്ഥലത്തു പ്രവേശനം ലഭ്യമായിരിക്കുന്നു (എബ്രാ 10:19). ദൈവവചനം പ്രഘോഷിക്കുകയും ദൈവത്തിനു പ്രാർത്ഥനയുടെയും സ്തുതിയുടെയും ബലികൾ അർപ്പിക്കുകയും ചെയ്യുക എല്ലാ ക്രൈസ്തവരുടെയും അവകാശവും കടമയുമാണ്.

തന്റെ ദൈവവും പിതാവും ആയവൻ എന്നു ദൈവത്തെ വിശേഷിപ്പിക്കുന്നതിലൂടെ യേശുവിന്റെ ദൈവത്വം നിഷേധിക്കുകയല്ല, യേശു മനുഷ്യനായി അവതരിച്ച ദൈവപുത്രനാണെന്ന് ഏറ്റുപറയുകയും, പിതാവും പുത്രനും തമ്മിലുള്ള ബന്ധം അടിവരയിട്ടു കാണിക്കുകയുമാണ് യോഹന്നാൻ ചെയ്യുന്നത്. യേശുവിന്റെ ദൈവമഹത്വത്തെക്കുറിച്ചു വെളിപ്പാടു പുസ്തകത്തിൽ അനേകം പരാമർശങ്ങളുണ്ട്. ശേഷം പേജ് 7




# പ്രകോപനത്തിനും പ്രതികരണത്തിനും ഇടയിൽ



പ്രകോപനത്തിനും പ്രതികരണത്തിനും ഇടയിൽ മറ്റാർക്കും കവർന്നുകളയാൻ കഴിയാത്ത, നമുക്കു മാത്രമായ ഒരിടമുണ്ട്. ആ ഇടം നാം എങ്ങനെ ഉപയോഗിക്കുമെന്നതിനെ ആശ്രയിച്ചിരിക്കുന്നു നമ്മുടെ സന്തോഷം. വിക്ടർ ഫ്രാങ്കിൾ എന്ന മനഃശാസ്ത്രജ്ഞന്റെ കാഴ്ച്ചപ്പാടിനെ ഇങ്ങനെ ഒതുക്കി പറയാം എന്നു തോന്നുന്നു.

വിക്ടർ ഫ്രാങ്കിൾ ഒരു യെഹൂദനായിരുന്നു. ജർമ്മനിയിൽ നാസികളുടെ തടവറയിൽ അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്ന കൊടിയ പീഡനം നമുക്ക് സങ്കൽപിക്കാവുന്നതിനും അപ്പുറമായിരുന്നു. തന്റെ മാതാ പിതാക്കൾ, സഹോദരൻ, സഹോദര ഭാര്യ എന്നിവർ തടവറയിലോ ഗ്യാസ് ചേംബറിലോ കൊല്ലപ്പെട്ടു. തന്റെ ഊഴം കാത്ത് ഓരോ ദിവസവും അദ്ദേഹം പേടിയോടെ കഴിച്ചു കൂട്ടി, ഒന്നുകിൽ അദ്ദേഹത്തയും ഗ്യാസ് ചേംബറിലേക്കു തള്ളിവിട്ടേക്കാം. അല്ലെങ്കിൽ കുറച്ചു നാൾ കൂടി ജീവിച്ചിരുന്നു ഗ്യാസ് ചേംബറിൽ വധിക്കപ്പെടുന്ന മറ്റ് യെഹൂദരുടെ ഭൗതികാവശിഷ്ടങ്ങളോ ചാരമോ ചുമന്നുമാറ്റുന്ന മനം മടുപ്പിക്കുന്ന ജോലി ചെയ്യാം. രണ്ടായാലും ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്ത ജീവിതം.



അങ്ങനെയിരിക്കെ ഒരു ദിവസം തന്റെ തടവറയ്ക്കുള്ളിൽ തനിയെ ഇരിക്കുമ്പോൾ പൊടുന്നനെ വിക്ടർ ഫ്രാങ്കിളിന് ഒരു വലിയ സ്വാതന്ത്ര്യ ബോധം അനുഭവപ്പെട്ടു. ഈ ആന്തരിക സ്വാതന്ത്ര്യം തന്റെ നാസി യജമാന്മാർക്ക് അപഹരിക്കാൻ കഴിയില്ലെന്ന് അദ്ദേഹം കണ്ടു. അവർക്കു തന്നെ പീഡിപ്പിക്കാൻ കഴിഞ്ഞേക്കും. പക്ഷേ തന്റെ ചിന്തകളെയോ സങ്കൽപങ്ങളെയോ അവർക്കു തളയ്ക്കാനാവില്ലെന്ന് അദ്ദേഹം കണ്ടു.

ഈ അഹംബോധം ഉണ്ടായതിനെ തുടർന്നുള്ള ദിവസങ്ങളിൽ വിക്ടർ ഫ്രാങ്കിൾ ആ പീഡനക്യാംപിൽ തന്നെ അതു പരിശീലിക്കാൻ തുടങ്ങി. നാസി യജമാനന്മാരെക്കാൾ സന്തോഷം ആ ജൂത തടവുകാരനു കൈവന്നു. മറ്റു തടവുകാർക്കും അദ്ദേഹത്തിന്റെ വീക്ഷണം പ്രചോദനം നൽകി, അവർക്കും ക്രമേണ തടവറയിലെ ജീവിതം അന്തസ്സുള്ളതും ക്ലേശങ്ങൾ അർത്ഥവത്തുമായി അനുഭവപ്പെട്ടു. നാസി കാവൽക്കാർക്കു പോലും വിക്ടർ ഫ്രാങ്കിൾ അത്ഭുതവും പ്രചോദനവുമായി മാറി.

'എപ്പോഴും സന്തോഷിപ്പീൻ, സന്തോഷിപ്പീൻ എന്നു ഞാൻ വീണ്ടും പറയുന്നു' – സെന്റ് പോളിന്റെ ഒരു വചനമാണിത്. കഷ്ടിച്ചു നാലധ്യായമുള്ള ഫിലിപ്പ്യ ലേഖനത്തിൽ നിന്നാണീ വചനം. ഇതിൽ 16 പ്രാവശ്യമാണു സന്തോഷത്തേക്കുറിച്ചു പറഞ്ഞിരിക്കുന്നത്. സന്തോഷത്തെക്കുറിച്ച് ഇത്രയും വാതോരാതെ പൗലോസ് പറയുമ്പോൾ അദ്ദേഹം ഏറെ സന്തോഷകരമായ സാഹചര്യത്തിലിരുന്നാണ് ഈ ലേഖനം എഴുതുന്നത് എന്നാവും നാം കരുതുക. എന്നാൽ വാസ്തവം എന്താണ്? റോമൻ കാരാഗൃഹത്തിന്റെ ഇരുണ്ട അകത്തളങ്ങളിലിരുന്നാണ് അദ്ദേഹം ഇ ലേഖനം എഴുതിയതെന്നാണു ചരിത്രം പറയുന്നത്. അന്നത്തെ റോമൻ കാരാഗൃഹങ്ങൾ വളരെ മോശമായ സ്ഥിതിയിലായിരുന്നു. ഭക്ഷണം ആവശ്യത്തിനില്ല. കാലുകൾ ആമത്തിൽ പൂട്ടപ്പെട്ട അവസ്ഥ. ഇഴജന്തുക്കളും ക്ഷുദ്ര ജീവികളും പരതി നടക്കുന്ന തണുത്ത തറയിലാണു കിടപ്പ്. ഇവിടെ കിടന്നാണ് പൗലോസ് ഫിലിപ്പ്യരോടു പറയുന്നത്–'എപ്പോഴും സന്തോഷിപ്പീൻ, സന്തോഷിപ്പീൻ' തീർച്ചയായും, പ്രകോപനത്തിനും പ്രതികരണത്തിനും ഇടയിൽ മറ്റാർക്കും കവർന്നുകളയാൻ കഴിയാത്ത ആ ഇടം പൗലോസ് ഒന്നാം നൂറ്റാണ്ടിൽ തന്നെ കണ്ടെത്തിയിരുന്നു.



പൗലോസിനെയും ശീലാസിനെയും അധികാരികൾ മൃഗീയമായി മർദ്ദിച്ചശേഷം കാലുകൾ ആമത്തിൽ ഇട്ടു പൂട്ടി ജയിലിന്റെ ഉള്ളറയിൽ ഇട്ടു. പക്ഷേ തങ്ങളുടെ ദുർവിധിയോർത്ത് സങ്കടപ്പെട്ടിരിക്കാതെ രാത്രിയിൽ പൗലോസും ശീലാസും മനോഹരമായ ഗാനങ്ങൾ ഉച്ചത്തിൽ ആലപിച്ച് ദൈവത്ത മഹത്വപ്പെടുത്തുവാൻ തുടങ്ങി. സഹതടവുകാരും അവിടെ തന്നെ താമസിച്ചിരുന്ന ജയിൽ മേധാവിയും ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ടാണിരുന്നത്. അർദ്ധരാത്രി സമയത്ത് അവർ പാട്ടുപാടിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്നു വലിയ ഭൂകമ്പം ഉണ്ടായി. ജയിലിന്റെ വാതിലുകൾ മലർക്കെത്തുറന്നു. തടവുകാരുടെ ചങ്ങലകൾ അഴിഞ്ഞുവീണു. ഈ സമയത്ത് ജയിൽ അധികാരി കരുതിയത് ജയിൽപുള്ളികളെല്ലാം ഈ തക്കത്തിൽ ഓടിപ്പോയെന്നാണ്. അതുകൊണ്ട് തടവുകാരുടെ ചുമതല ഉണ്ടായിരുന്ന താൻ അധികാരികളുടെ മുൻപിൽ കുറ്റക്കാരനാകുമെന്നു കരുതി ജയിൽ അധികാരി ആത്മഹത്യയ്ക്ക് മുതിരുന്നു. പൗലോസ് അതു മനസ്സിലാക്കി അയാളെ ആശ്വസിപ്പിച്ചു. 'തങ്ങൾ തടവുകാർ ഒരാൾപോലും ഓടിപ്പോയിട്ടില്ല, പേടിക്കേണ്ട എന്നു പറഞ്ഞ് ജയിൽ മേധാവിയെ അദ്ദേഹം ആത്മഹത്യയിൽ നിന്നു പിൻതിരിപ്പിച്ചു. ഈ സംഭവം ജയിലറുടെ മനംതിരിവിനു കാരണമായി. നോക്കുക. തടവുകാരാണു പൗലോസും ശീലാസും. അവർ രാത്രിയിൽ സന്തോഷത്തിന്റെ പാട്ടുകൾ പാടുന്നു. തടവറയിലെ പീഡനമായിരുന്നു അവരുടെ നേരെയുണ്ടായ പ്രകോപനം, പക്ഷേ ആ പ്രകോപനത്തിനും അതിനോടുള്ള തങ്ങളുടെ പ്രതികരണത്തിനും ഇടയിൽ അവർ ദൈവാശ്രയത്തിന്റെ ഒരു തുരുത്തു കണ്ടെത്തുന്നു. അവിടെ അവർ സ്വതന്ത്രരാണ്. സന്തുഷ്ടരാണ്. അവിടെ നിന്നുകൊണ്ട് അവർ പോസിറ്റീവായി പ്രതികരിക്കുന്നു. അതു സഹതടവുകാർക്കും ജയിലർക്കും പ്രചോദനം നൽകുന്നു.

ഓർക്കുക: സാഹചര്യം (പ്രകോപനം) എത്ര ഇരുണ്ടതാണെങ്കിലും അതിനോട് അതേനിലയിൽ നിഷേധാത്മകമായി നാം പ്രതികരിക്കണമെന്നില്ല. മറിച്ചു ക്രിയാത്മകമായി പ്രതികരിക്കാൻ നമുക്കു കഴിയും. എങ്ങനെ വേണമെന്നുള്ള തിരഞ്ഞെടപ്പ് നമ്മുടേതാണ്.




# ഔഷധ ഗുണമുള്ള വാക്ക്

**പ**ണ്ട് പുണ്യബലൻ എന്നൊരു രാജാവുണ്ടായിരുന്നു. യുദ്ധത്തിൽ അജയ്യനായിരുന്നു അദ്ദേഹം. സ്വന്തം ശക്തിയാൽ എൺപതിനായിരം നഗരങ്ങളാണത്രേ അദ്ദേഹം കീഴടക്കിയത്.

കീഴടക്കിയ രാജ്യങ്ങളും നഗരങ്ങളുമൊന്നും അദ്ദേഹം കൊള്ളയടിച്ചില്ല. എന്നു മാത്രമല്ല, എല്ലായിടത്തും ജനക്ഷേമം അദ്ദേഹം ഉറപ്പുവരുത്തുകയും ചെയ്തു. ജനങ്ങളുടെ സുരക്ഷിതത്വത്തിനുവേണ്ടി കോട്ടകളും കൊത്തളങ്ങളും പണിതു. അവരുടെ ഉല്ലാസത്തിനുവേണ്ടി പാർക്കുകളും പൂന്തോപ്പുകളും രാജ്യത്തൊട്ടാകെ നിർമ്മിച്ചു. ജനങ്ങളുടെ സന്തോഷവും സംതൃപ്തിയുമായിരുന്നു പുണ്യബലന്റെ ലക്ഷ്യം.



ഒരിക്കൽ രാജാവ് രഥയാത്ര ചെയ്യുമ്പോൾ ഒരു പാവപ്പെട്ട മനുഷ്യൻ മരിക്കാറായി വഴിയിൽക്കിടക്കുന്നതു കണ്ടു. രാജാവ് കാര്യം തിരക്കി. ആരും സഹായത്തിനില്ലാത്ത ഒരുവനായിരുന്നു അയാൾ. അയാളെ ചികിത്സിക്കാൻ വൈദ്യന്മാരാരും മുന്നോട്ടുവന്നിരുന്നുമില്ല.

രോഗിക്കു ചികിത്സ കിട്ടാതെ പോകുന്ന ഭരണം സൽഭരണമല്ല; അങ്ങനെയുള്ള രാജ്യം ക്ഷേമരാജ്യവുമല്ല. രാജാവ് സ്വയം പറഞ്ഞു.

അദ്ദേഹം ഉടനേ തന്നെ ഔഷധശാലകൾ നിർമ്മിക്കുവാനും ആശുപത്രികൾ സ്ഥാപിക്കാനും ആജ്ഞ നൽകി. അത് എപ്രകാരമാണ് പ്രവർത്തിക്കേണ്ടതെന്ന നിർദ്ദേശവും രാജാവ് നൽകി.

"ധർമ്മോപദേശംകൊണ്ട് രോഗിയുടെ ചൂട് കുറയ്ക്കണം. ചൂടുകൊണ്ടു തണുപ്പു കുറയ്ക്കണം. തണ്ണീരുകൊണ്ട് ദാഹം തീർക്കണം. ഇഷ്ടപ്പെട്ടതും മിതവുമായ ആഹാരംകൊണ്ട് ക്ഷീണം മാറ്റണം. സ്നേഹവാക്കുകൾ  കൊണ്ട് ദുഃഖം ലഘൂകരിക്കണം. കളിതമാശകൾകൊണ്ടു മനസിന്റെ മടുപ്പു മാറ്റണം. ഇതൊക്കെയാണ് ഒരു രോഗിക്കു മരുന്നിനേക്കാൾ വലുത്.

"ആയതിനാൽ വൈദ്യന്മാരേ, നിങ്ങൾ രോഗിയുടെ മനസിനെയും ശരീരത്തെയും ഒപ്പം ചികിത്സിക്കുക. രോഗിയെ മനസുകൊണ്ടും ശരീരംകൊണ്ടും ചികിത്സിക്കുക.

"വാക്ക് ഏറ്റവും നല്ല മരുന്നാണ്. രോഗിയോട് നല്ല വാക്കുകൾ പറയുക. എപ്പോഴും സന്തോഷമുള്ളവനാണ് നല്ല വൈദ്യൻ."

പുണ്യബലന്റെ കഥ തൽക്കാലം ഇവിടെ നിൽക്കട്ടെ. അദ്ദേഹം തന്റെ കല്പനയിൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് അല്പം ചിന്തിക്കാം.

ശുശ്രൂഷകനാണ് ഒന്നാമത്തെ മരുന്ന്; മരുന്നിനു രണ്ടാമത്തെ പ്രാധാന്യമേ ഉള്ളൂ എന്നാണ് അദ്ദേഹം പറഞ്ഞത്. ശരിയല്ലേ ഈ നിരീക്ഷണം?

ഒരുപക്ഷേ, ചില മാരക രോഗങ്ങളുടെ കാര്യത്തിൽ മരുന്നിനു മുൻതൂക്കം ഉണ്ട് എന്നതു ശരിതന്നെ. അതുപോലെ, ചില രോഗങ്ങളുടെ കാര്യത്തിൽ മരുന്നില്ലാതെ രോഗം ഭേദമാവുകയുമില്ല. എന്നാൽ, മരുന്നുപോലെ തന്നെ പ്രധാനപ്പെട്ടതല്ലേ നാം രോഗിയെ ശുശ്രൂഷിക്കുന്ന രീതിയും?

നമ്മുടെ പല രോഗങ്ങളും ശാരീരികം മാത്രമല്ലല്ലോ. അവയിൽ പലതും നമ്മുടെ വൈകാരിക ജീവിതവുമായി ബന്ധപ്പെട്ടതാണെന്നല്ലേ ആധുനിക വൈദ്യശാസ്ത്രം പറയുന്നത്. എങ്കിൽ, രോഗിക്കു മരുന്നു കൊടുക്കുന്നതുപോലെതന്നെ പ്രധാനപ്പെട്ടതാണു രോഗിയെ ശുശ്രൂഷിക്കുന്നവരുടെ മനോഭാവവും പെരുമാറ്റരീതിയും.

ഇനി പുണ്യബലന്റെ കഥയിലേക്കു മടങ്ങിവരട്ടെ. രോഗികളുടെ കഷ്ടപ്പാടിൽ ദയതോന്നിയ പുണ്യബലൻ അവരുടെ പരിപാലനത്തിനായി തനിക്കു സാധിക്കുന്നതു മുഴുവൻ ചെയ്തു. അവസാനം മറ്റൊരാൾക്കു കാഴ്ച നൽകുവാൻ വേണ്ടി തന്റെ രണ്ടു കണ്ണുകളും ദാനം ചെയ്യുവാൻ വരെ അദ്ദേഹം തയാറായി.

പുണ്യബലൻ ചെയ്തതുപോലെ നാം ചെയ്യണമെന്ന് ആരും നമ്മോട് ആവശ്യപ്പെടില്ല. അങ്ങനെ ആരും പ്രതീക്ഷിക്കുകയുമില്ല. എന്നാൽ, രോഗികളോടും വേദനയനുഭവിക്കുന്നവരോടുമൊക്കെ കാരുണ്യപൂർവം പെരുമാറണമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്. അങ്ങനെ ചെയ്യുവാൻ നമുക്കു ബാധ്യതയുണ്ട്.

ഇതേക്കുറിച്ച് സംശയമുണ്ടെങ്കിൽ നാം ഒരു തീരാരോഗത്തിനടിപ്പെട്ടതായി വിഭാവനം ചെയ്തു നോക്കൂ. അപ്പോൾ അറിയാം നമ്മുടെ ചിന്താഗതിക്ക് എത്ര വേഗമാണ് മാറ്റം സംഭവിക്കുന്നതെന്ന്.

രോഗികളോടും വേദനയനുഭവിക്കുന്നവരോടും കരുണ കാണിക്കുവാൻ നമുക്കൊരു രോഗമോ ദുഃഖമോ ഉണ്ടാകുന്നതുവരെ കാത്തിരിക്കേണ്ട. അവരുടെ വേദന അറിയാനും അവരെ ആശ്വസിപ്പിക്കുവാനും എത്രയും വേഗം നമുക്കു തയാറാകാം. അങ്ങനെ നമ്മുടെ ജീവിതം വഴി മറ്റുള്ളവരുടെ ജീവിതത്തിലേക്ക് അല്പമെങ്കിലും ആശ്വാസവും സന്തോഷവും കൊണ്ടുവരാൻ നമുക്കു പരിശ്രമിക്കാം.



# സ്വവർഗ ലൈംഗികത



**പ**ണ്ട് നാസികളുമായി ബ്രിട്ടൻ യുദ്ധത്തിൽ ഏർപ്പെട്ടപ്പോൾ ശത്രുക്കളുടെ ഭാഗത്തുനിന്നുള്ള കാഡുകൾ ഡീകോഡ് ചെയ്യാനായി സേനയെ സഹായിച്ച വ്യക്തിയായിരുന്നു അലൻട്യൂറിങ്. അത്തരത്തിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച അദ്ദേഹത്തിന് വലിയ അംഗീകാരങ്ങളാണ് അക്കാലത്തു ലഭിച്ചത്, എന്നാൽ യുദ്ധാനന്തരം അദ്ദേഹത്തിന്റെ ലൈംഗികാഭിമുഖ്യം വെളിപ്പെടുത്തുകയും അദ്ദേഹം ഒരു സ്വവർഗസ്നേഹി ആണെന്നത് നാടാകെ പരക്കുകയും ചെയ്തു. അതിന് അദ്ദേഹം കൊടുക്കേണ്ടിവന്ന വില വലുതായിരുന്നു. വിക്ടോറിയൻ നിയമമനുസരിച്ചു കടുത്ത മര്യാദകേട് കാണിച്ചു എന്നപേരിൽ അദ്ദേഹത്തിന് ജയിൽശിക്ഷ ലഭിക്കുകയും, രാസവസ്തുക്കൾ കുത്തിവച്ചു ഷണ്ഢീകരിക്കുകയും ചെയ്തു. പിന്നീട് പുറത്തിറങ്ങിയെങ്കിലും ആത്മാഭിമാനത്തിനേറ്റ കടുത്ത ക്ഷതത്തിന്റെ ആഘാതത്തിൽ 1954-ൽ നാൽപ്പത്തിയൊന്നാം വയസിൽ അദ്ദേഹം ആത്മഹത്യ ചെയ്യുകയാണുണ്ടായത്. പിന്നീട് 2013-ൽ എലിസബത്ത് രാജ്ഞി അദ്ദേഹത്താട് മാപ്പ് ചോദിച്ചു. അന്നത്തെക്കാലത്ത് സ്വവർഗ ലൈംഗികതയോട് പൊതുസമൂഹത്തിന് ഉണ്ടായിരുന്ന കാഴ്ചപ്പാടിന്റെ ഉത്തമ ഉദാഹരണമാണ് അദ്ദേഹത്തോട് കാട്ടിയ മനുഷ്യാവകാശലംഘനം. 1885 മുതൽ 1967 വരെ ഏതാണ്ട് അൻപതിനായിരം ആൾക്കാരെ ബ്രിട്ടീഷ് സാമ്രാജ്യത്തിൽ കുറ്റവാളികളായി ചിത്രീകരിച്ചിട്ടുണ്ട്.

## ● എന്താണ് സ്വവർഗ ലൈംഗികത

ഒരാൾക്ക് അവളുടെ അവന്റെ സ്വന്തം സെക്സിലുള്ള മറ്റൊരാളോട് തോന്നുന്ന ലൈംഗിക ആകർഷണമാണ് സ്വവർഗലൈംഗികത എന്നർഥമാക്കുന്നത്. 1973-ൽ ആണ് അമേരിക്കൻ സൈക്കാട്രിക് അസോസിയേഷൻ സ്വവർഗ ലൈംഗികത ഒരു രോഗമല്ല എന്ന് ഔദ്യാഗികമായി പ്രഖ്യാപിച്ചത്. അതിനുശേഷം 1980-ൽ രോഗങ്ങളെപ്പറ്റിയും, രോഗനിർണയങ്ങളെപ്പറ്റിയും ക്രോഡീകരിച്ചിട്ടുള്ള ഡോക്യുമെന്റായ ഡയഗ്നോസിസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്കൽ മാനുവൽ ഓഫ് മെന്റൽ ഡിസോർഡർ (ഡി.എസ്.എം) രോഗങ്ങളുടെ പട്ടികയിൽ നിന്നു സ്വവർഗലൈംഗികത എടുത്തുമാറ്റി.

## ● മാറുന്ന ലൈംഗികാഭിമുഖ്യം

ധാരാളം ഗവേഷണങ്ങൾ നടക്കുന്ന മേഖലയാണ് ഇത്. സാധാരണയായി എതിർലിംഗത്തോട് ഇഷ്ടം തോന്നുന്ന അവസ്ഥയിൽ എന്തുകൊണ്ടാണു ഒരു പുരുഷൻ പുരുഷനോടും സ്ത്രീയ്ക്ക് സ്ത്രീയോടും കൂടുതൽ ആഭിമുഖ്യം തോന്നുന്നത്? അതിനു പിന്നിലെ ഒരു പ്രധാന കാരണമായി എടുത്തുകാണിക്കപ്പെടുന്നത് അവരുടെ ഗർഭാവസ്ഥയിൽ തന്നെ ഉണ്ടാകുന്ന ചില കാരണങ്ങളാണ്. പുരുഷ ഹോർമോൺ ആയ "ആൻഡ്രോജൻ' സ്ത്രീ ഹോർമോൺ ആയ ഈസ്ട്രോജൻ എന്നിവയിലെ മാറ്റങ്ങളാണു കാരണം. അതായത് ഗർഭാവസ്ഥയിൽ ആൺകുഞ്ഞുങ്ങളിൽ ആൻഡ്രോജനുമായുള്ള സമ്പർക്കം കുറയുകയും പകരം ഈസ്ട്രോജനുമായുള്ള സമ്പർക്കം കൂടുകയും ചെയ്യുമ്പോൾ അതിന്റെ ഫലമായി ആ കുട്ടി വളരുമ്പോൾ സ്ത്രീകളോട് സ്വാഭാവികമായും ഉണ്ടാവേണ്ട അഭിനിവേശം ഉണ്ടായെന്നുവരില്ല. അതുപോലെതന്നെ പെൺകുഞ്ഞുങ്ങളിൽ ഈസ്ട്രോജനുമായി ഉണ്ടാകുന്ന സമ്പർക്കക്കുറവ് അവരിൽ എതിർലിംഗത്തിലുള്ളവരോട് അകൽച്ചയും സ്വന്തം ലിംഗത്തിലുള്ളവരുമായി കൂടുതൽ ആഭിമുഖ്യം ഉണ്ടാകാനും കാരണമാക്കും എന്നു പഠനം സൂചിപ്പിക്കുന്നു.

മാത്രമല്ല നമ്മുടെ തലച്ചോറിലുള്ള ചില പ്രത്യേകതകൾ കൂടി സ്വവർഗലൈംഗികതയ്ക്ക് കാരണമാകുന്നുണ്ട്. സ്വവർഗാനുരാഗികളായ പുരുഷന്മാരിലും സ്ത്രീകളിലും ഹൈപ്പോതലാമസിലെ പ്രത്യേകമായ ഒരുകൂട്ടം കോശങ്ങളുടെ വലിപ്പം കുറവായിരിക്കുന്നതായും പഠനങ്ങളുണ്ട്. കൂടാതെ നമ്മുടെ ലിംഗവ്യത്യാസം നിർണയിക്കുന്ന എക്സ്, വൈ ക്രോമസോമുകളിലെ ചില മാറ്റങ്ങളും പ്രധാനമാണ്. അതായത് പുരുഷന്മാരിലെ എക്സ് ക്രോമസോമിൽ ഒരു പ്രത്യേകഭാഗം. (ജനറ്റിക് മാർക്കർ) സ്വവർഗാനുരാഗികൾ ആയ പുരുഷന്മാരിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഇവരുടെ ക്രോമസോം നമ്പർ 8-ലും മാറ്റങ്ങൾ പ്രകടമായതായുള്ള പഠനങ്ങൾ ഹോമോസെക്ഷ്വാലിറ്റി എന്നത് ജനിതകപരമായ പ്രത്യേകത മൂലം ഉണ്ടാവുന്നതാണ് എന്നതിന് അടിവരയിടുന്നു.

## ● പ്രധാനമായും രണ്ടുതരം

സ്വവർഗലൈംഗികത പ്രധാനമായും രണ്ടുതരത്തിൽ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ആദ്യത്തേത് ഈഗോസിന്റോണിയ എന്നാണ് അറിയപ്പെടുന്നത്. അതായത് ജന്മനാ ജനിതകമായ കാരണങ്ങളാൽ സ്വവർഗാനുരാഗികൾ ആയി മാറുന്ന അവസ്ഥയാണിത്. എന്നാൽ ചില അവസരങ്ങളിൽ അങ്ങനെയല്ലെങ്കിൽ പോലും ജീവിതത്തിൽ ഉണ്ടാകുന്ന ചില സംഭവങ്ങളും അനുഭവങ്ങളുമാക്കെ ചിലരെ ഹോമോസെക്ഷ്വൽ ആക്കി മാറ്റാറുണ്ട്. അങ്ങനെയുള്ളതിനെ ഈഗോഡിസ്റ്റോണിയ എന്നും പറയപ്പെടുന്നു. ആദ്യം സൂചിപ്പിച്ചതരത്തിലുള്ള അവസ്ഥകൾ അവരുടെ ജനനം മുതൽ തന്നെ ജീവിതത്തിന്റെ ഭാഗം ആയതിനാൽ അവർക്ക് യാതൊരു കുറ്റബോധവും ഉണ്ടാവുകയില്ല. എന്നാൽ ഈഗോഡിസ്റ്റോണിയ എന്ന അവസ്ഥയിലുള്ളവർക്ക് ഇതിനെപ്പറ്റി എപ്പോളും മാനസിക സംഘർഷം ഉണ്ടാവുകയും ചെയ്യും.

## ● പ്രതിവിധിയില്ലേ?

സ്വവർഗലൈംഗികത ഒരു രോഗമല്ലെന്നും, ശാരീരികവും മാനസികവുമായ ഒരു അവസ്ഥ മാത്രമാണെന്നും അതിനെ ശരിയായ നിലയിൽ കൊണ്ടുവരാൻ കഴിയുമെന്നുള്ള ചിന്തയാണ് ആദ്യം സമൂഹങ്ങളിൽ ഉണ്ടാവേണ്ടത്. മാത്രമല്ല, മേൽസൂചിപ്പിച്ച ജീവിതാനുഭവങ്ങൾ മൂലം ഉണ്ടാകുന്ന ഈഗോഡിസ്റ്റോണിയ എന്ന അവസ്ഥ പൂർണ്ണമായും പരിഹരിക്കാൻ കഴിയും. ജന്മനായുള്ള ഈഗോസിന്റോണിയ എന്ന അവസ്ഥയാണെങ്കിൽ അവരുടെ സ്വന്തം പങ്കാളിയിൽനിന്നു ലഭിക്കുന്ന ലൈംഗിക സംതൃപ്തി, എതിർലിംഗങ്ങളിലുള്ളവരിൽ നിന്നും ലഭിക്കുമെന്ന തരത്തിൽ അവരുടെ സെക്ഷ്വൽ ഫോക്കസ് മാറ്റാൻ കഴിഞ്ഞാൽ ഈയവസ്ഥ വലിയൊരളവിൽ പരിഹരിക്കാൻ കഴിയുമെന്ന് ഈ രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**സൃഷ്ടിവാദത്തിന് വ്യക്തമായ തെളിവുകളോടെ ആധികാരികമായി ശാസ്ത്രീയ വിശദീകരണം നൽകിയിട്ടുള്ള താങ്കൾ എന്തടിസ്ഥാനത്തിലാണ് ചൈന സൂര്യനെ സൃഷ്ടിച്ചു എന്ന നിലയിലുള്ള വാർത്ത നൽകിയത്. സൂര്യനെക്കുറിച്ച് സാമാന്യ അറിവുള്ള ഒരാൾക്കും സൂര്യനെ പുനഃസൃഷ്ടിക്കാനാവില്ലാ എന്നറിയാം. പിന്നെ എന്തടിസ്ഥാനത്തിലാണ് കൃത്രിമ സൂര്യനെക്കുറിച്ച് പറയുന്നത്?**

*-ഡോ.ഫിലിപ്പ് മാത്യു, കാഞ്ഞിരത്തുംമൂട്, മുളക്കുഴ, ചെങ്ങന്നൂർ*



''കൃത്രിമ സൂര്യൻ'' എന്നു കേൾക്കുമ്പോൾ ആകാശത്തു സ്ഥാപിക്കാൻ പോകുന്ന സൂര്യനെപ്പോലെ ഒരു സൂര്യൻ എന്ന് കരുതിയെങ്കിൽ തെറ്റി. ചൈന അത്തരമൊരു സുര്യനെ അന്തരീക്ഷത്തിലേക്ക് വിക്ഷേപിച്ചു എന്ന തരത്തിൽ തെറ്റായ ചില വാർത്തകളും സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. എന്നാൽ അത് വാസ്തവമായിരുന്നില്ല. അവർ നിർമ്മിച്ച സൂര്യൻ ഒരിടത്തു സ്ഥാപിക്കപ്പെട്ട വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂര്യസമാനമായ ഒരു റിയാക്ടർ ആണ്.

ചൈന നാഷണൽ ന്യൂക്ലിയർ കോർപ്പറേഷൻ എന്ന സംഘടനയാണ് ഇത് നിർമ്മിക്കുന്നത്. എക്സ്പെരിമെന്റൽ അഡ്വാൻസ്ഡ് സൂപ്പർ കണ്ടക്റ്റിംഗ് ടോക്കമാക് എന്നാണ് ഇതിനെ വിളിക്കുന്നത്. ഈസ്റ്റ് എന്ന ചുരുക്കപ്പേര്. ടോക്കമാക് എന്ന ഡിസൈനിൽ ഒരു വടയുടെ അല്ലെങ്കിൽ ഡോണറ്റ് ആകൃതിയിലാണ് ഈസ്റ്റ് നിർമിക്കപ്പെട്ടിരിക്കുന്നത്. ഹൈഡ്രജനാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. ഒപ്പം ഹൈഡ്രജന്റെ ഐസോട്ടോപ്പുകളായ ഡ്യുറ്ററിയം, ട്രിഷ്യം എന്നിവയും. ഇവയെ റിയാക്ടറിന്റെ ഉള്ളിൽ നിക്ഷേപിച്ചുകഴിഞ്ഞതിനുശേഷം പുറത്തു നിന്നും വലിയ ഊർജം നൽകും. അപ്പോൾ ഹൈഡ്രജൻ, പ്ലാസ്മയായി മാറുന്നു.





പ്ലാസ്മ പദാർത്ഥത്തിന്റെ നാലാമത്തെ രൂപമാണെന്ന് അറിയാമല്ലോ. അതായത് ഖരരൂപത്തിലെ പദാർത്ഥം ചൂടാക്കുമ്പോൾ അത് ദ്രാവകരൂപത്തിൽ ആകുകയും, പിന്നെയും ചൂടാക്കുമ്പോൾ വാതകരൂപത്തിലാവുകയും വീണ്ടും ചൂടാക്കുകയാണെങ്കിൽ അത് പ്ലാസ്മ രൂപത്തിൽ ആകുകയും ചയ്യുന്നു. ഇങ്ങനെ പ്ലാസ്മ രൂപത്തിൽ ആകുമ്പോൾ ആറ്റത്തിൽ ഉള്ള ഇലക്ട്രോണുകൾ പിരിഞ്ഞുപോകുകയും പ്രോട്ടോണുകൾ അസ്ഥിരമായി മാറുകയും അവ വളരെവേഗം സഞ്ചരിക്കുകയും ചെയ്യും. അതിന്റെ ഫലമായി പ്ലാസ്മ റിയാക്ടറിന്റെ ഉള്ളിലൂടെ വളരെവേഗതയിൽ ചുറ്റിക്കൊണ്ടിരിക്കുന്നു. റിയാക്ടറിന്റെ ചുമരുകളിൽ ഉള്ള സുപ്പർ കണ്ടക്ടറുകൾ കാരണം തീവ്രമായ കാന്തികവലയം ഉടലെടുക്കുന്നു. അത്തരത്തിൽ ഉണ്ടാകുന്ന കാന്തികവലയത്തിന്റെ സമ്മർദ്ദവും, അതിവേഗത്തിൽ ചുറ്റുന്ന പ്ലാസ്മയും മൂലം മേൽപ്പറഞ്ഞ ഹൈഡ്രജൻ പ്രോട്ടോണുകൾ കൂട്ടിയിടിക്കുകയും, അവ ചേർന്ന് ഹീലിയം ആറ്റം ആയി മാറുകയും ചെയ്യുന്നു. ഒപ്പം വൻതോതിലുള്ള ഊർജവും ഉണ്ടാകുന്നു. ഊർജം എന്നർഥമാക്കുന്നത് അതികഠിനമായ ചൂടു തന്നെ.

ഇത്രയേറെ ചൂടുണ്ടായിട്ടും എന്തുകൊണ്ടാണ് അവയുടെ ലോഹനിർമ്മിതമായ ഭിത്തികൾ നശിച്ചുപോകാത്തത്? ചുറ്റുമുള്ള കാന്തികവലയത്തിന്റെ ശക്തിയും സമ്മർദവും മൂലം പ്ലാസ്മ അതിവേഗത്തിൽ സഞ്ചരിക്കുന്നതല്ലാതെ ചുമരുകളിൽ തട്ടുന്നില്ല. അതുകൊണ്ടാണു കോടിക്കണക്കിനു സെൽഷ്യസ് ചൂടിലേക്ക് പ്ലാസ്മ ഉയർന്നാലും റിയാക്ടർ ഉരുകിപ്പോകാത്തത്. മാത്രമല്ല അത്യാധുനികമായ കൂളിങ് സിസ്റ്റവും അതിലുണ്ട്. ചുരുങ്ങിയ സെക്കൻഡുകൾ കൊണ്ടുതന്നെ ലക്ഷക്കണക്കിന് ശതമാനം ചൂട് കുറച്ചുകൊണ്ടുവരുവാൻ അതിന് കഴിയുമെന്നർത്ഥം.

നമുക്ക് ആവശ്യമായ വെളിച്ചവും ഊർജവുമൊക്കെ നൽകുന്നത് സൂര്യനാണ്. ആദ്യകാലങ്ങളിൽ കൽക്കരിയും പെട്രോളും ഉപയാഗിച്ചുകൊണ്ടുള്ള പവർ പ്ലാന്റുകളാണു വൈദ്യതി ഉണ്ടാക്കാൻ നാം ഉപയോഗിച്ചിരുന്നത്. പിന്നീട് കാറ്റിന്റെയും, അണക്കെട്ടുകളിൽ കെട്ടിനിർത്തിയ ജലം ഉപയോഗിച്ചും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ തുടങ്ങി. എന്നാൽ ഇന്നു ലോകത്താകമാനം ഏറ്റവുമധികം ഉപയോഗിക്കുന്നത് അറ്റോമിക് ഊർജമാണ്. ആറ്റംബോംബിനുള്ളിൽ നടക്കുന്ന പ്രക്രിയയെ നിയന്ത്രണാത്മകമായ രീതിയിൽ നടപ്പാക്കിക്കൊണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിന്റെയൊരു പ്രശ്നം മാലിന്യമാണ്. ആണവമാലിന്യങ്ങൾ ഭൂമിയിൽ വെറുതെയങ്ങു പുറംതള്ളാനുമാവില്ല. അത് പരിസ്ഥിതി മലിനീകരണത്തിനും കാരണമാകുന്നു. ആറ്റംബോംബ് പോലെതന്നെ ഹെഡ്രജൻ ബോംബിലും സ്ഫോടനം നടക്കുന്നുണ്ടല്ലോ. എന്നാൽ ആറ്റം ബോംബിൽ ന്യൂക്ലിയർ ഫിഷനാണു നടക്കുന്നതെങ്കിൽ ഹൈഡ്രജൻ ബോംബിൽ, ന്യൂക്ലിയർ ഫ്യൂഷനാണു സംഭവിക്കുന്നത്. ഈ രണ്ടുതരം റിയാക്ഷനുകളും വിപരീത തരത്തിലാണു സംഭവിക്കുന്നത്. ആറ്റങ്ങളെ പിളർത്തുമ്പോൾ ഉണ്ടാകുന്ന ഊർജം ഉപയോഗിച്ചു വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതാണ് ന്യൂക്ലിയർ ഫിഷനിൽ സംഭവിക്കുന്നത്. നേരെമറിച്ചു ആറ്റങ്ങൾ തമ്മിൽ യോജിക്കുമ്പോൾ ഉണ്ടാകുന്ന ഊർജം മൂലം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന രീതിയാണു ഫ്യൂഷനിൽ, ഫിഷനെ സംബന്ധിച്ച് ഫ്യൂഷൻ അതീവ ശക്തിയേറിയതാണ്. അതു നിയന്ത്രിക്കുക ഏറെ ക്ലേശകരവുമാണ്. പക്ഷേ, ഹൈഡ്രജൻ ബോംബിൽ നടക്കുന്ന ഈ ഫ്യൂഷൻ റിയാക്ഷൻ ഒരു റിയാക്ടറിൽ നിയന്ത്രിതമായ സാഹചര്യത്തിൽ നമുക്ക് ചെയ്യാൻ കഴിഞ്ഞാൽ വലിയൊരു ശതമാനം ഊർജം നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയും. ആ ഒരു ലക്ഷ്യത്തിന്റെ ഭാഗമായാണ് ചൈന ഒരു കൃത്രിമ സൂര്യനെ നിർമ്മിക്കാനുള്ള ശ്രമം 2008-ൽ തുടങ്ങിയത്.

സുര്യന്റെ ഉപരിതലത്തിലെ ചൂട് അയ്യായിരത്തോളം ഡിഗ്രിയാണ്. ആ ചൂടിൽ ഏറെക്കുറെ എല്ലാ ലോഹങ്ങളും ഉരുകിപ്പോകും. എന്നാൽ സൂര്യന്റെ മധ്യഭാഗത്തെ താപനില ഏതാണ്ട് ഒന്നരക്കോടി ഡിഗ്രി സെൽഷ്യസ് ആണ്. ഇനി ചൈന നിർമ്മിച്ച കൃത്രിമ സൂര്യന്റെ ചൂട് എത്രയെന്ന് അറിയുക. അത് പതിനഞ്ച് കോടി ഡിഗ്രിയാണ്. അതായത് നമ്മുടെ ഒറിജിനൽ സൂര്യനെക്കാൾ പത്തുമടങ്ങു കൂടുതൽ താപനില. വിശ്വസിക്കാൻ പ്രയാസമാകുന്നുണ്ടായിരിക്കും എന്നാൽ വിശ്വസിച്ചേ മതിയാകൂ.

സാധാരണയായി ആയിരം ഡിഗ്രിയോടടുക്കുമ്പോൾ തന്നെ ഏതാണ്ടെല്ലാ ലോഹങ്ങളും ഉരുകാൻ തുടങ്ങും. ഏറ്റവും ഉയർന്ന ദ്രവണാങ്കം ഉള്ള ടെന്റാലം, ഹാഫ്നിയം, കാർബൈഡ് എന്നിവയുടെ ലോഹസങ്കരത്തിനു പോലും നാലായിരം ഡിഗ്രി വരെയേ നിലനിൽപ്പുള്ളൂ. അപ്പോൾ എങ്ങനെയാണ് ചൈനയിലെ ശാസ്ത്രജ്ഞൻമാർ പതിനഞ്ചുകോടി ഡിഗ്രി ചൂടിൽ ഒരു സൂര്യനെ സൃഷ്ടിച്ചത്?

നമ്മൾ ഇപ്പോൾ പരമ്പരാഗതമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഊർജോത്പാദന പ്രകിയകൾ ഒന്നും കാര്യക്ഷമമല്ല. ഉദാഹരണത്തിന് നാം വ്യാപകമായി ഉപയോഗിക്കുന്ന കൽക്കരിയുടെ കാര്യം തന്നെ എടുക്കാം. വെറും 1500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പതിനായിരം ടൺ കൽക്കരിയെങ്കിലും ആവശ്യമാണ്. എന്നാൽ കൃത്രിമസൂര്യനിൽ ഇതേ 1500 മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കാൻ വെറും ഒരു കിലോഗ്രാം ഇന്ധനം മാത്രം മതിയാകും. കൂടാതെ ഇതിൽ നിന്നുള്ള ന്യൂക്ലിയർ മാലിന്യത്തിന്റെ അളവ് ഏറെ കുറവുമാണ്, അതിനാൽ ഇതിനെ ശുദ്ധമായ ഊർജം ആയി കണക്കാക്കാവുന്നതുമാണ്. ഇവിടെ പ്രധാനമായും ഉപയോഗിക്കുന്ന ഇന്ധനങ്ങൾ ഡ്യുറ്ററിവും ട്രിഷ്യവുമാണ്. ഇതിൽ ഡ്യുറ്ററിയം റേഡിയോ ആക്റ്റീവോ, മറ്റെന്തെങ്കിലും പ്രശ്നങ്ങൾ ഉള്ളതോ ആയ മൂലകമല്ല. എന്നാൽ ട്രിഷ്യം റേഡീയോ ആക്ടീവാണ്. അതായത് മാരകമായ റേഡിയോ ആക്ടീവ് പാർത്ഥങ്ങൾ പുറത്തുവിടുന്നെങ്കിലും മറ്റുള്ളവയെ അപേക്ഷിച്ചു (യുറേനിയം പോലുള്ളവ) അത്ര പ്രശ്നക്കാരനല്ല. മറ്റ് ആണവറിയാക്ടറുമായി താരതമ്യം ചെയ്യുമ്പോൾ ഈ കൃതിമസൂര്യൻ കൂടുതൽ സുരക്ഷിതമാണ് എന്നു പറയാം. ഇതിൽ എന്തെങ്കിലും പ്രശ്നം ഉടലെടുക്കുകയാണെങ്കിൽ കാന്തികവലയത്തിന്റെ ശക്തി കുറയുകയും പ്ലാസ്മ പതിയെ വാതകരൂപത്തിൽ ആവുകയും ചെയ്യും.

ഈ കൃത്രിമസൂര്യൻ ഇപ്പോളും പരീക്ഷണഘട്ടത്തിൽ ആണ്. ഇതുവരെ വാണിജ്യാടിസ്ഥാനത്തിൽ ഉയർത്തിക്കൊണ്ടുവരാൻ ശാസ്ത്രലോകത്തിനു കഴിഞ്ഞിട്ടില്ല. അതായത് ഒരു ലാബിലെ വിജയത്തിനപ്പുറം പ്രായോഗികമായി ഇത് വിജയത്തിൽ എത്തിക്കാൻ ഇതേവരെ കഴിഞ്ഞിട്ടില്ല. കൃത്രിമസൂര്യനെ നിർമ്മിക്കാൻ പലരാജ്യങ്ങളും ശ്രമിച്ചെങ്കിലും ചൈനയാണ് ഇത്തരത്തിലെങ്കിലും ഒരു വിജയം നേടിയിരിക്കുന്നത്. ദക്ഷിണ കൊറിയ 'കെ സ്റ്റാർ' എന്ന പേരിൽ ഒരു ഫ്യൂഷൻ റിയാക്ടർ നിർമ്മിച്ചിട്ടുണ്ട്. അവർക്കും പത്തുകോടിയിലധികം താപനില അതിനുള്ളിൽ ഉയർത്തുവാൻ കഴിഞ്ഞിട്ടുമുണ്ട്.

ഫ്രാൻസിലെ ഐ.ടി.ഇ.ആറാണ് ഈ ശ്രേണിയിലെ എറ്റവും വലുത്. ചൈനയും ഫ്രാൻസും കൂടെ ഇന്ത്യയുൾപ്പെടെയുള്ള പത്തോളം രാജ്യങ്ങൾ ചേർന്നുകൊണ്ടാണ് ഇനി ഈ ദൗത്യവുമായി നീങ്ങാൻ പോകുന്നത്. പക്ഷേ, അതിനു ഇനിയും നീണ്ട വർഷങ്ങൾ തന്നെ വേണ്ടിവന്നേക്കാം. എന്നിരുന്നാലും ആ ഒരു ദൗത്യം സാധ്യമായാൽ പുരോഗതിയുടെ ഒരു പുതുയുഗമാകും പിറക്കാൻ പോകുന്നത്. ഒപ്പം പരിസ്ഥിതി മലിനീകരണവും കുറയും.



# വെളിപ്പാടിലെ വസ്തുതകൾ

**പേജ് 5 തുടർച്ച**

രക്ഷാകർമ്മത്തിന്റെ പേരിൽ യേശുക്രിസ്തുവിനു സ്തുതിയർപ്പിച്ചുകൊണ്ടാണ് അഭിവാദനം അവസാനിക്കുന്നത്. ആരാധനാ സമൂഹങ്ങളിൽ ഉയരുന്ന സ്തുതികൾ (doxology) അനുസ്മരിപ്പിക്കുന്നതാണിത്. ഇപ്രകാരമുള്ള സ്തുതികൾ വെളിപ്പാടു പുസ്തകത്തിൽ പലതവണ ആവർത്തിക്കുന്നുണ്ട്. സൃഷ്ടികർമ്മത്തിന്റെ പേരിൽ പിതാവായ ദൈവത്തെയും (4:8-11) രക്ഷാകർമ്മത്തിന്റെ പേരിൽ യേശുക്രിസ്തുവിനെയും (5:9-10) സ്തുതിക്കുന്നു. ദൈവത്തിന്റെ മാത്രം വിശേഷണമാണ് മഹത്വം. രണ്ടാമത്തെ വിശേഷണമായ ആധിപത്യം കാത്തോസ് എന്ന ഗ്രീക്കുപദത്തിന്റെ വിവർത്തനമാണ്. അജയ്യവും അപ്രതിരോധ്യവുമായ ദൈവികശക്തിയെയാണ് ഈ പദം സൂചിപ്പിക്കുന്നത്. സകലതിനെയും തന്റെ കൈപ്പിടിയിൽ ഒതുക്കുകയും സകലശക്തികളെയും ചൊൽപ്പടിക്കു നിർത്തുകയും ചെയ്യുന്ന ദൈവത്തിന്റെ ശക്തിയാണ് ഇവിടെ വിവക്ഷ. സൃഷ്ടികർമ്മത്തിലും ഈജിപ്തിൽ നിന്നുള്ള മോചനത്തിലും ദൈവം പ്രകടമാക്കിയ ശക്തിയാണിത് (യെശ. 40:26). ദൈവത്തിന്റെ മാത്രം വിശേഷണങ്ങളായ മഹത്വവും ആധിപത്യവും യേശുക്രിസ്തുവിനു നല്കുന്നതിലൂടെ വി.ഗ്രന്ഥകാരൻ യേശുവിനെ ദൈവമായി ഏറ്റുപറയുന്നു. (തുടരും)

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com
YouTube
vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Jun: 2022 at RMS Kayamkulam
Published on Ist Jun: 2022
RNI Registered No. KERMAL/2002/7361

# യഥാർത്ഥ സേവകൻ

**പ**ണ്ട് ആഫ്രിക്കയിൽ അയാൻ എന്നൊരു രാജാവുണ്ടായിരുന്നു. ധാരാളം ജോലിക്കാർ അദ്ദേഹത്തിനുണ്ടെങ്കിലും വിശ്വസ്തനായ ഒരു സേവകൻ ഇല്ലായിരുന്നു. എപ്പോഴും തനിക്ക് സംരക്ഷണം തരുന്ന ഒരു വിശ്വസ്തനായ ഒരാളെ തിരഞ്ഞെടുക്കാൻ അദ്ദേഹം തീരുമാനിച്ചു. അഴിമതിയോ പണത്തിനോട് ആർത്തിയോ ഒന്നുമില്ലാത്ത ഒരാളാവണം തന്റെ സേവകനെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. അതിനായി അദ്ദേഹം ഒരു പരീക്ഷണം നടത്താൻ തീരുമാനിച്ചു.



പിറ്റേന്ന് തന്റെ ജോലിക്കാരെയും കൊണ്ട് രാജാവ് ഒരു സവാരിക്കിറങ്ങി. രാജാവ് ഒരു കുതിരപ്പുറത്താണ് യാത്ര. മുന്നിലും പിന്നിലും വശങ്ങളിലുമായി ജോലിക്കാർ രാജാവിനൊപ്പം നടന്നുനീങ്ങി.

രാജാവിന്റെ കൈയിൽ ഒരു തടിപ്പെട്ടിയുണ്ടായിരുന്നു, അതിൽ നിറയെ നാണയങ്ങളും. ഒരു തെരുവിലെത്തിയപ്പോൾ രാജാവ് അറിയാത്ത ഭാവത്തിൽ തന്റെ കൈയിലിരുന്ന പെട്ടി താഴേക്കിട്ടു. വഴിയിൽ വീണ് തടിപ്പെട്ടി പൊട്ടി. അതിൽ നിന്ന് നാണയങ്ങൾ നാലുപാടും ചിതറി.

രാജാവ് ചുറ്റും നിന്നവരോട് കല്പിച്ചു: “എല്ലാ നാണയങ്ങളും വാരിയെടുക്ക്. എടുക്കുന്നവർക്ക് ആ നാണയങ്ങൾ സ്വന്തമാക്കുകയും ചെയ്യാം.

ഇതു കേട്ടതും സേവകരെല്ലാം നാണയത്തിനു പിന്നാലെ പാഞ്ഞു. എല്ലാവരും മത്സരിച്ച് നാണയങ്ങൾ പെറുക്കിയെടുക്കുന്നതുകണ്ട് രാജാവ് കരുതി: “ഹോ, എല്ലാവരും അത്യാഗ്രഹികളാണല്ലോ! സമ്പത്ത് കണ്ടപ്പോൾ എല്ലാവരും അതിനുപിന്നാലെ പോയി.” നിരാശനായ രാജാവ് മടങ്ങിപ്പോകാനായി കുതിരയെ തിരിച്ചു.

തിരിഞ്ഞതും അതാ ഒരാൾ തന്റെ പിന്നിൽത്തന്നെ വാളും പരിചയുമായി നിൽക്കുന്നു. കൂട്ടത്തിൽ വന്ന ഒരു സേവകനായിരുന്നു അത്.

“ങേ, താനെന്താ നാണയങ്ങളെടുക്കാൻ പോകാഞ്ഞത്?”, രാജാവ് ചോദിച്ചു.

“പ്രഭോ, സമ്പത്തിനെക്കാൾ വലുതാണ് എനിക്ക് രാജാവിന്റെ ജീവൻ. അങ്ങ് ആപത്തിൽപ്പെട്ടാൽ രാജ്യം ആപത്തിലാവും. പിന്നെ ഈ സമ്പത്തുകൊണ്ട് ഒരു പ്രയോജനവും ഇല്ലാതാവും.”

തന്റെ പരീക്ഷണം വിജയിച്ചുവെന്ന് രാജാവിന് മനസ്സിലായി. താൻ പ്രതീക്ഷിച്ചയാളെത്തന്നെ കണ്ടെത്തിയിരിക്കുന്നു. തന്റെ വിശ്വസ്ത സേവകനായി അയാളെത്തന്നെ രാജാവ് നിയമിക്കുകയും ചെയ്തു.

രാജാവിന്റെ സ്ഥാനത്ത് യേശുവിനെയും, ഭടന്മാരുടെ സ്ഥാനത്ത് ദൈവദാസന്മാരെയും സങ്കൽപ്പിച്ച് വിലയിരുത്തുന്നത് നന്നായിരിക്കും.

# സുന്ദര നഗരം



**ബു**ച്ച... ഈ നഗരം ഇന്നൊരു ശവപ്പറമ്പാണ്. സുന്ദരമായിരുന്ന നഗരത്തിന്റെ മേനിയിൽ റഷ്യൻ സൈന്യം കോറിയിട്ടത് അധിനിവേശത്തിന്റെ ഭീകര കാഴ്ചകളാണ്. നഗരത്തിലെങ്ങും ശവങ്ങൾ കൂട്ടത്തോടെയും ഒറ്റപ്പെട്ടും കിടക്കുന്നു. സിവിലിയൻമാരുടെ മൃതദേഹങ്ങൾ കൂട്ടിയിട്ടിരിക്കുന്ന കുഴിമാടങ്ങൾ വേറെയും. സുന്ദരമായൊരു നഗരം നശിപ്പിച്ച് വൈരൂപ്യത്തിന്റെ മേൽവിലാസം ചാർത്തിക്കൊടുത്തിരിക്കുന്നു.

യുക്രെയ്ൻ തലസ്ഥാനമായ കീവിന്റെ സമീപമുള്ള നഗരമാണ് ബുച്ച. കഴിഞ്ഞ ദിവസമാണ് റഷ്യൻ സൈന്യം ഈ നഗരത്തിൽ നിന്ന് അധിനിവേശത്തിന്റെ ഭീകരത മതിയാക്കി പിൻവാങ്ങിയത്. ഇതോടെ ഈ നഗരത്തിലേക്ക് കടന്നുവന്ന യുക്രെയ്ൻ സൈന്യവും ജനതയും ബുച്ചയുടെ ഇപ്പോഴത്തെ സ്ഥിതി കണ്ട് ആർത്തലച്ച് കരഞ്ഞു. തങ്ങളുടെ പ്രിയ നഗരത്തിൽ റഷ്യൻ സൈന്യം നടത്തിയ ക്രൂരത അവർക്ക് സഹിക്കാനാവുന്നതിലും അപ്പുറമായിരുന്നു.



യുക്രെയ്നിന്റെ ചില മേഖലകളിൽ റഷ്യൻ സേന ആക്രമണം കടുപ്പിക്കുമ്പോഴും ബുച്ചയുൾപ്പെടെ പല നഗരത്തിൽ നിന്നും അവർ പിൻമാറുന്നത് ശുഭസൂചനയാണ്. എങ്കിലും ഓരോ നഗരത്തിൽ നിന്നും പിൻമാറുമ്പോൾ ബുച്ചയേക്കാൾ മോശമായ ഭീകരതയാണോ അവിടങ്ങളിൽ റഷ്യൻ സൈന്യം സമ്മാനിച്ച തെന്ന് ഇനിയും കാണാനിരിക്കുന്നതേയുള്ളൂ. റഷ്യ പിൻമാറിയ നഗരങ്ങളിലേക്കൊക്കെ കണക്കെടുപ്പും പരിശോധനയുമായി യുക്രെയ്ൻ സൈനികരും അധികൃതരും വന്നുകൊണ്ടേയിരിക്കുന്നു. അവർക്കു മുമ്പിൽ സമാനതകളില്ലാത്ത ഭീകര കാഴ്ചകളാണ് റഷ്യ സമ്മാനിച്ചിരിക്കുന്നത്.

നിരായുധരായ സിവിലിയൻമാരെ, അവർ യുക്രെയ്ൻകാർ ആയതിനാൽ മാത്രം റഷ്യ കൊന്നുതള്ളി. കുട്ടികളെപ്പോലും അവർ വെറുതെ വിട്ടില്ല. സ്ത്രീകളെയും പെൺകുട്ടികളെയും അവർ മാനഭംഗപ്പെടുത്തി. അതും ഉറ്റവരുടെയും ഉടയവരുടെയുമൊക്കെ മുന്നിൽ വച്ച്.

ബുച്ചയിലിപ്പോൾ വൈദ്യുതിയില്ല, വെള്ളമില്ല, ഗ്യാസ് വിതരണമില്ല, താമസക്കാർ തുറസായ സ്ഥലത്ത് പാചകം ചെയ്യാൻ നിർബന്ധിതരാകുന്നു. അതും ചീഞ്ഞ മനുഷ്യ മൃതദേഹങ്ങളുടെ മനസ് മരവിപ്പിക്കുന്ന കാഴ്ചകൾക്കു നടുവിൽ നിന്ന്. അടുത്ത വ്യോമാക്രമണം എപ്പോൾ തങ്ങളെ ബാധിക്കുമെന്ന് അവർക്കറിയില്ല.

ഷെല്ലാക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങൾ റോഡിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ ഇപ്പോഴും തുടരുകയാണ്. മാർക്കറ്റുകൾ നിലംപൊത്തിയിരിക്കുന്നു. കെട്ടിടങ്ങൾ നശിപ്പിച്ചിരിക്കുന്നു. അവയിൽ പലതും ഒരു കാലത്ത് ആകാശം മുട്ടിയിരുന്ന കെട്ടിടങ്ങളാണ്. ബുച്ചയിൽ സിവിലിയൻമാരുടെ മൃതദേഹങ്ങൾ കൂട്ടത്തോടെ കണ്ടതിനാൽ ബോധപൂർവമായ കൂട്ടക്കൊല സ്റ്റാലിന്റെ മഹാഭീകരതയോടു താരതമ്യം ചെയ്യുകയാണ് യുക്രെയ്ൻ ജനത.

ബുച്ചയിലേക്കുള്ള റോഡുകൾ തകർത്തു തരിപ്പണമാക്കി. നശിപ്പിക്കപ്പെട്ട കാലാൾപ്പടയുടെ യുദ്ധവാഹനങ്ങളും ടാങ്കുകളും കൊണ്ട് റോഡ് നിറഞ്ഞിരിക്കുന്നു. റഷ്യൻ യുദ്ധവാഹനങ്ങളെ നശിപ്പിക്കാനും അവരെ നഗരത്തിൽനിന്ന് പിൻവാങ്ങാൻ നിർബന്ധിതരാക്കാനും യുക്രെയ്ൻ സൈന്യത്തിന് കഴിഞ്ഞു, എന്നാൽ നാട്ടുകാരെ സംബന്ധിച്ചിടത്തോളം അവരുടെ ദുരവസ്ഥ അവസാനിച്ചിട്ടില്ല. (സ്വന്തം ലേഖകൻ)




☺ ന്യൂ ജനറേഷന്റെ താല്പര്യമനുസരിച്ച് ആരാധനയിൽ മൊത്തം ഡാൻസും പാട്ടുമാണല്ലോ. ഇനി എന്തൊക്കെ കാണേണ്ടിവരും?

ജോസി സാമുവേൽ, കാരയ്ക്കാട്, കോട്ട, പത്തനംതിട്ട

☹ **നോൺ സ്റ്റോപ്പ് ഡി.ജെ.അന്യഭാഷയും, ഡാൻസും തുടങ്ങിവച്ചിട്ടുണ്ട്. അനുമതി കിട്ടുന്ന മുറയ്ക്ക് ഉണർവ്വിനായി നാക്കിൽ ഒട്ടിക്കുന്ന സ്റ്റാമ്പും പൊടിയും നൽകി വിശ്വാസികളെ സ്വർഗ്ഗം കാണിക്കാനുള്ള പരിപാടികളും ആലോചിക്കുന്നുണ്ട്.**

☺കിറ്റുകൊടുത്ത് ജനത്തെ രക്ഷിച്ചവർ കുറ്റിനാട്ടി ജനത്തെ ദ്രോഹിക്കുന്നത് നീതിയാണോ?

സജി ഫിലിപ്പ്, പുളിയൻപാറ, നീലഗിരി, ഗൂഡല്ലൂർ

☹**കിറ്റുകൊടുത്ത് പട്ടിണിയകറ്റി കുറ്റിയിട്ട് വികസനം വരുന്നതോടെ പെരുവഴിയിലാകുന്ന ജനത്തിന് കെ.റെയിലിൽ തലവയ്ക്കാൻ അവസരം നൽകും.**

☺ന്യൂട്ടന്റെ തലയിൽ ആപ്പിൾ വീണപ്പോൾ ഗുരുത്വാകർഷണം കണ്ടുപിടിച്ചു. ചക്കയാണ് വീണിരുന്നെങ്കിലോ?

സൗമ്യാ രാജൻ, പൂമല, കൂവക്കണ്ടം, ഇടുക്കി

☹**കുരുത്തമില്ലെന്നു കരുതി ആശ്വസിക്കും.**

☺വിടുതലിന്റെ കരം നീട്ടി ജനത്തെ വിശ്വസിപ്പിച്ച് വഞ്ചിച്ചവർ തങ്ങളെ കൊള്ളയടിക്കുകയാണെന്ന് ജനം അറിയുന്നില്ലേ?

ആനിപോൾ, പള്ളിപ്പാടി, പാറത്തോട്, കോട്ടയം

☹**കൈനീട്ടുന്നത് കൈയ്യേറാനാണെന്നു മനസിലാക്കാനുള്ള പ്രായോഗിക ബുദ്ധി ഇല്ലാത്തവരാണല്ലോ ഈ ജനം.**

☺വക്രബുദ്ധിയുള്ള പ്രവാചകന്റെ അടുത്ത് വിവരമില്ലാത്ത വിശ്വാസി വറവുകാലത്ത് കുടിവെള്ളമില്ലാത്തതിനു പ്രാർത്ഥിക്കാൻ ചെന്നിരിക്കുന്നു. പ്രവചനം ഫലിക്കുമോ?

സിനു, എസ്.എൻ.പുരം, ചേന്നമറ്റം, കോട്ടയം

☹**കാത്തിരിക്കുക. അടുത്ത വെള്ളപ്പൊക്കത്തിന് വീടുനിറയെ വെള്ളം കിട്ടും.**

☺പ്രസംഗത്തിലെ വൈരുദ്ധ്യവും പ്രസംഗകരുടെ തട്ടിപ്പും എന്താണെന്നു വ്യക്തമാക്കാമോ?

തോമസ് മൂലപ്പാടം, മാനന്തവാടി, ചെറുകാട്ടൂർ, വയനാട്

☹**ദൈവമാണ് സമ്പത്തെന്ന് പറയുകയും സമ്പത്തിനുവേണ്ടി ദൈവത്തെ വിൽപ്പനചരക്കാക്കുകയും ചെയ്യുന്നു.**




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul’s Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally